# ആത്മപ്രകാശിനി

**2010 ജനുവരി**

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# Athmaprakashini

# അകത്താളുകളിൽ


**ആദിയും അന്തവും**
ഡോ. ഒ.എം. ശാമുവേൽ ................. 3

**പരിണാമ സൃഷ്ടി വിവാദം . . . .**
ഡോ. ജോൺസൺ ജോർജ്ജ് ........ 4

**വെളിപ്പാടു പുസ്തകം . . . .**
ഡോ. ഒ.എം. ശാമുവേൽ ................. 6

**ക്രിസ്തീയ ശിഷ്യത്വം**
ഡോ. സൈലസ് സി. നായർ ......... 8

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................. 10

**ഒരുക്കമുള്ള ആരാധന**
എസ്. ജി. ഗിൽബർട്ട് ........................ 11

**പ്രായോഗിക ക്രിസ്തീയ ജീവിതം**
തോമസ് ഏബ്രഹാം ......................... 13

**ഞാൻ ആരെ അയയ്ക്കേണ്ടു . . . .**
മാത്യു ഫിലിപ്പ്.................................. 14

**വീട്ടുകാരെച്ചൊല്ലി ഹിമത്തെ . . . .**
മേരിക്കുട്ടി ഏബ്രഹാം ...................... 16

**വിശ്വാസിയും രോഗവും**
റ്റി.പി. കനകരാജ് ................................ 17

**ബൈബിൾ പ്രശ്നാവലി ..............** 20

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXIX** **No.1**

## 2010 ജനുവരി

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# ആദിയും അന്തവും

ഡോ. ഒ. എം. ശമുവേൽ

**വി**ശ്വാസികളും അവിശ്വാസികളും ഒരുപോലെ ഉരുവിടുന്ന ഒരു സത്യമാണ് ലോകം അതിന്റെ അന്ത്യത്തിലേക്ക് ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത്. ദൈവ വചനത്തിലെ അവസാന പുസ്തകമായ വെളിപ്പാടു പുസ്തകത്തിൽ എല്ലാറ്റിന്റെയും അവസാനത്തെക്കുറിച്ച് ആധികാരികവും സംശയലേശം കൂടാത്തതുമായ വെളിപ്പാടു രേഖപ്പെടുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിനെ ആദ്യ അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നതു ശ്രദ്ധിക്കുക, ഞാൻ അൽഫയും ഓമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിചെയ്യുന്നു (വെളി.1:8) അതുപോലെ ഈ പുസ്തകത്തിന്റെ അവസാനത്തിലും യേശുക്രിസ്തുവിനെക്കുറിച്ചു നാം വായിക്കുന്നത് ഞാൻ അൽഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു (22:13) എന്നാണല്ലോ.

യേശുക്രിസ്തുതന്നെ ആദിയും അന്തവും. ആദിയിൽ ദൈവം എന്നുള്ള ഉറച്ച പ്രഖ്യാപനത്തോടു കൂടിയാണല്ലോ തിരുവചനം ആരംഭിക്കുന്നതുതന്നെ. സ്രഷ്ടാവും സംരക്ഷകനുമായ യേശുക്രിസ്തു സകലത്തെയും അതിന്റെ പൂർണ്ണതയിൽ എത്തിക്കുകയും ചെയ്യുന്ന മഹാദൈവംതന്നെ. യേശുക്രിസ്തുവാണ് ആരംഭം. അവൻ തന്നെയാണ് അവസാനവും. പാപപങ്കിലമായ ഇന്നത്തെ ലോകം അതിന്റെ ദ്രവത്വത്തിൽനിന്ന് വിടുതൽ ലഭിച്ച് ദൈവപുത്രന്മാരുടെ വെളിപ്പാടിൽ ആനന്ദിക്കും. പാപവും ശാപവും മാറിപ്പോകും കണ്ണുനീരും മുറവിളിയും യുദ്ധവും യുദ്ധഭീഷണിയും ഇല്ലാത്ത ഒരു നല്ല നാളയുടെ അരുണോദയം ഏറ്റവും സമീപമായിരിക്കുന്നു. മനുഷ്യരും സകലജീവജാലങ്ങളും ഏകോപിച്ച് പിതാവായ ദൈവത്തെയും പുത്രനെയും മഹത്വപ്പെടുത്തുന്ന പുതുവാന ഭൂമി – നിത്യത അതു പൊട്ടി വിടരാൻ പോവുകയാണ്. അവൻ ആദിയും അന്തവുമാണ്.

എങ്ങനെ മനുഷ്യന് നിത്യതയുടെ നിർവൃതിയടയുവാൻ കഴിയും? മോക്ഷപ്രാപ്തിക്കു വേണ്ടിയുള്ള മനുഷ്യന്റെ അന്വേഷണം ഇന്നും തുടരുകയല്ലെ. ദൈവത്തെ അന്വേഷിക്കുന്നവൻ ആരുമില്ല. ഒരുത്തൻ പോലുമില്ല എന്നു നാം വായിക്കുന്നു. എന്നിട്ടും ദൈവം മനുഷ്യനെ കൈവിടുന്നില്ല. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങൾക്കു ആശ്വാസം നൽകാം. മോക്ഷപ്രാപ്തിക്കുവേണ്ടിയുള്ള മനുഷ്യന്റേതായ എല്ലാ അന്വേഷണങ്ങളും കേവലം പരാജയത്തിന്റെ പര്യായമായി അവശേഷിക്കുന്നു. ആത്മീയ വിശപ്പും ദാഹവും ശമിപ്പിക്കുവാൻ മനുഷ്യൻ ചെയ്യുന്ന സകല പ്രവൃത്തികളും ഒരു നിലയിൽ അല്ലെങ്കിൽ മറ്റൊരു നിലയിൽ പരാജയമാണ്. ജീവജലത്തിന്റെ ദാതാവായ യേശുനാഥൻ നല്കുന്ന ജീവജലത്തിൽനിന്ന് കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല. സാക്ഷാൽ ജീവന്റെ അപ്പവും അവൻതന്നെ. മനുഷ്യരുടെ എല്ലാ അന്വേഷണങ്ങളും വഴിമുട്ടി നിരാശരാകുമ്പോൾ അവസാനം അവർ യേശുകർത്താവിന്റെ അടുത്തു വരുന്നു. അടുത്തു വരുന്നവർക്ക് അവരുടെ പാപപ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നു.

പാപശിക്ഷയുടെ അവസാനവും കർത്താവുതന്നെ. പാപത്തിന്റെ ശിക്ഷ മരണം ആണ്. എല്ലാ മനുഷ്യരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. എല്ലാവരും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ തന്നെ. എന്നാൽ യേശുക്രിസ്തു മനുഷ്യാവതാരം എടുത്തു ഭൂമിയിൽ വന്ന് ക്രൂശുമരണം മൂലം സകല പാപത്തിന്റെയും ശിക്ഷ ക്രൂശിൽ സഹിച്ചു തീർത്തു. അതാണ് യേശുക്രിസ്തു ക്രൂശിൽവെച്ച് പറഞ്ഞത് 'സകലവും നിവൃത്തിയായി' പാപത്തെ സംബന്ധിച്ചിടത്തോളമുള്ള എല്ലാ ശിക്ഷാവിധിയുടെയും അവസാനമായിരുന്നു യേശുനാഥന്റെ ക്രൂശുമരണം. നൂറ്റണ്ടുകളായി പരിഹാരം കാണാൻ സാധിക്കാതിരുന്ന പാപപ്രശ്നത്തിന് യേശുക്രിസ്തു ശാശ്വത പരിഹാരം വരുത്തി അവൻ പിതാവിന്റെ സന്നിധിയിൽ ഇരുന്ന് തന്നിൽ വിശ്വസിക്കുന്നവർക്ക് പക്ഷപാതം ചെയ്യുന്നു.

യേശുക്രിസ്തു പാപത്തിന്റെ ശക്തിയുടെയും അവസാനമാണ്. പാപത്തിന്റെ ശിക്ഷയായ മരണം ക്രൂശിൽ അനുഭവിച്ചതിനുശേഷം മൂന്നാം ദിവസം മരണത്തെയും പാതാളത്തെയും വെല്ലുവിളിച്ചുകൊണ്ട് യേശുക്രിസ്തു പുനരുത്ഥാനം ചെയ്തു. ആ പുനരുത്ഥാനത്തിന്റെ ശക്തിയാണ് ഓരോ ദൈവപൈതലിലും ഉള്ളത്. പാപത്തിന്റെ ശക്തിയെ ദുർബലമാക്കികൊണ്ട് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലഭാഗത്തു ദൈവമക്കൾക്കായി ജീവിക്കുന്നു. കർത്താവിന് പകരമായി ത്രിത്വ

ശാസ്ത്ര പംക്തി

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 35

DR. JOHNSON GEORGE, TORONTO, CANADA

## അദ്ധ്യായം 26– പ്രകൃതിയിൽ പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നുണ്ടോ?

**ബൈ**ബിൾ സ്പീഷീസുകളെക്കുറിച്ച് ഒന്നും പറയുന്നില്ല. എല്ലാ ജീവികളെയും ദൈവം അതതു തരമായി (according to its kind) സൃഷ്ടിച്ചു എന്നാണ് ബൈബിൾ പറയുന്നത്. ബൈബിൾ ഒരു ശാസ്ത്ര ഗ്രന്ഥമല്ലാത്തതിനാൽ 'തരം' എന്നത് ഒരു ശാസ്ത്രീയ പദം അല്ല. സാധാരണക്കാരന് മനസ്സിലാകുവാൻ വേണ്ടി ഈ പദം ഉപയോഗിച്ചിരിക്കുന്നു എന്നു മാത്രം. എന്താണ് 'തരം'? തരം എന്ന പദത്തിന് ഇങ്ങനെ ഒരു നിർവചനം കൊടുക്കാവുന്നതാണ്. "ജീവികളുടെ വ്യക്തവും പ്രത്യേകവും വ്യത്യസ്തവുമായ സമൂഹങ്ങളെ തരം എന്നു വിളിക്കുന്നു" (clear, distinct and different groups of organisms may be called kinds) ഉദാഹരണമായി മനുഷ്യൻ, കുതിര, പട്ടി, കൊതുക്, ഈച്ച, മാവ്, തെങ്ങ്, പ്ലാവ് എന്നിവയെല്ലാം ഓരോ തരമാണ്. ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന 'Kind' എന്ന പദത്തിനു പകരം ഏറെക്കുറെ ആ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന ശാസ്ത്രീയ പദം 'Genus' (വംശം) എന്നതാണ്.

ജീവികളെ സൂക്ഷ്മമായി പഠിക്കുമ്പോൾ, ഒരു തരം എന്ന് ബൈബിൾ വിശേഷിപ്പിക്കുന്ന (അല്ലെങ്കിൽ ഒരു വംശം എന്ന് ശാസ്ത്രജ്ഞന്മാർ വിശേഷിപ്പിക്കുന്ന) ഒരു സമൂഹത്തിനുള്ളിൽതന്നെ ആ സമൂഹത്തിന്റെ ഗുണവിശേഷങ്ങളോടുകൂടെ ധാരാളം വ്യത്യസ്ത ഇനങ്ങളെ (Varieties) നമുക്ക് കാണുവാൻ സാധിക്കുന്നു.

ഇങ്ങനെയുള്ള ഇനങ്ങൾ തമ്മിൽ ഉത്പാദനപരമായി വേർപെടുമ്പോൾ (reproductively isolated) ഈ ഇനങ്ങളെ പിന്നെ സ്പീഷിസുകൾ എന്ന് വിളിക്കുന്നു.

---

ത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവിനെ വിശ്വാസികളുടെ ഹൃദയത്തിലേക്ക് അയക്കുകയും ചെയ്തു. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് പാപത്തിന്റെ ശക്തിയുടെ പ്രമാണത്തിൽ നിന്ന് നമുക്ക് വിജയം നൽകുന്നു. യേശുക്രിസ്തു ആരംഭവും അവസാനവും ആണ്. പാപത്തിന്റെ ശക്തിയുടെയും അവസാനം യേശുക്രിസ്തുതന്നെ.

അസ്വസ്ഥതയുടെയും അസമാധാനത്തിന്റെയും അവസാനവും യേശുക്രിസ്തു തന്നെ. കാറ്റും കോളും നിറഞ്ഞ സാഗരസമാനമാണ് ഇന്നത്തെ ലോകം. എവിടെ നോക്കിയാലും വിപ്ലവത്തിന്റെയും അനീതിയുടെയും പോർവിളിയല്ലെ കേൾക്കുന്നത്. ഓരോ രാഷ്ട്രങ്ങളും ഇളകി മറിയുന്ന സമുദ്രസമാനമാണ്. ഇതിനെല്ലാം അവസാനം വരുത്താൻ യേശുക്രിസ്തുവിനു മാത്രമേ സാധിക്കൂ. ഈ ഭൂമിയിൽ ആയിരുന്നപ്പോൾ കടലിനെ ശാന്തമാക്കിയവൻ യേശുക്രിസ്തുവാണ്. ആ യേശുക്രിസ്തു അഥവാ സാക്ഷാൽ സമാധാന പ്രഭു വീണ്ടും വന്ന് എല്ലാ അനീതിയും അസമാധാനവും അസ്വസ്ഥതയും അവസാനിപ്പിച്ച് ശാശ്വതമായ സമാധാനം ലോകത്തിൽ സ്ഥാപിക്കും. ഇന്ന് ജാതികൾ കലഹിക്കയും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുകയും ചെയ്യുന്നു. ഭൂമിയിലെ രാജാക്കന്മാരും പ്രഭുക്കന്മാരും ഒരുമിച്ച് കൂടി പലതും ആസൂത്രണം ചെയ്യുന്നു. മനുഷ്യന്റെ ഈ പേകൂത്തുകൾ കണ്ട് സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുകയാണ്. ആ ചിരി മാറി അവൻ കോപത്തോടു കൂടി ഈ ലോകത്തോടു ഇടപെടുവാൻ പോകയാണ്. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും സമാധാനം. സമാധാനം മാത്രം നിറഞ്ഞു നിൽക്കുന്ന രാജാധിരാജാവിന്റെ വരവിന്റെ കാഹളധ്വനി കേൾക്കാറായി. അതെ അവൻ ആരംഭവും അവസാനവുമാണ്.

യേശുക്രിസ്തു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമാണ്. കാലത്രയങ്ങൾക്ക് അതീതനായി ശാശ്വതദൈവമാണ് അവൻ. നിത്യനായ കർത്താവ് സകലത്തെയും തന്റെ കാല്ക്കീഴാക്കി രാജ്യം പിതാവിനെ ഏല്പിക്കും. എല്ലാത്തിന്റെയും അവസാനം പുതുവാന ഭൂമിയുടെ ആഗമനത്തോടുകൂടി ദൈവീക പരിപാടികൾ അവസാനിക്കും നിത്യതപൊട്ടി വിടരും. അപ്പോഴും യേശുക്രിസ്തു അൽഫയും ഓമഗേയും ആണ്. ആദിയും അന്തവും അവനിൽ സമന്വയിക്കുന്നു. ദൈവമക്കൾ അവനെ മുഖാമുഖം കാണും. നാം അവനെ ആരാധിക്കും നിത്യത മുഴുവൻ നാം അവനോടും അവൻ നമ്മോടും കൂടെയായിരിക്കും. ഹല്ലേലുയ്യാ! സ്തോത്രം!! ●

Species എന്ന ഒരേ പദം ഇംഗ്ലീഷിൽ ഏക വചനത്തിലും ബഹുവചനത്തിലും ഉപയോഗിക്കുന്നു. ഈ ലേഖനത്തിൽ ഈ പദത്തിന്റെ ബഹുവചനത്തെ മലയാളികരിച്ച് സ്പീഷിസുകൾ എന്ന് പ്രയോഗിച്ചിരിക്കുന്നു. മലയാളത്തിൽ സ്പീഷിസിനെ 'ജാതി' എന്ന് വിളിക്കാവുന്നതാണ്.

ഇന്ന് ജീവികളുടെ എല്ലാ തരത്തിനുള്ളിലും ശാസ്ത്രജ്ഞന്മാർ വ്യത്യസ്ത സ്പീഷിസുകളെ തിരിച്ചറിഞ്ഞ് അവയ്ക്ക് പേരുകൾ കൊടുത്തിട്ടുണ്ട്. ഉദാഹരണത്തിന് കുരങ്ങ് ഒരു 'തരം' ആണ്. പക്ഷേ ഇന്ന് വാലില്ലാക്കുരങ്ങുകളെയും (apes) ഉൾപ്പെടുത്തി കുരങ്ങിന്റെ 264 സ്പീഷിസുകളെ തിരിച്ചറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവയെല്ലാം കുരങ്ങുകളാണെങ്കിലും 2 വ്യത്യസ്ത സ്പീഷീസുകളിലെ കുരങ്ങുകൾ ഉത്പാദനപരമായി വേർപെട്ടു നിൽക്കുന്നു. അതായത് അവയുടെ ഒരു ആണും പെണ്ണും തമ്മിൽ ലൈംഗിക ബന്ധം നടക്കുന്നില്ല. ഉത്പാദനപരമായ ഈ വേർപാടാണ് അവ വാസ്തവത്തിൽ രണ്ട് വ്യത്യസ്ത സ്പീഷീസുകളാണെന്ന് തെളിയിക്കുന്നത്.

ചലനശേഷി കുറഞ്ഞ ചെറിയ ജീവികളുടെ ഇടയിലാണ് കൂടുതൽ സ്പീഷിസുകൾ കാണപ്പെടുന്നത്. ഉദാഹരണത്തിന്, ഇന്ന് എറുമ്പിന്റെ 9000ഓളം വിവരിക്കപ്പെട്ട സ്പീഷിസുകൾ (described species) ലോകമെമ്പാടും ഉണ്ട്. ഇനിയും വിവരിക്കപ്പെടാത്ത സ്പീഷിസുകൾ എല്ലാംകൂടി എറുമ്പിന്റെ ഏകദേശം 20,000 സ്പീഷുസുകൾ ഉണ്ടെന്ന് ശാസ്ത്രജ്ഞന്മാർ കണക്കു കൂട്ടുന്നു. എറുമ്പിനെ കാണുമ്പോൾ അതിന് ഇത്രമാത്രം സ്പീഷീസുകൾ ഉണ്ടെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? അതുപോലെ ചിതൽ (termite) കൊതുക് (Mosquito) എന്നൊക്കെ നാം പറയുന്ന ഓരോ തരത്തിനുള്ളിലും 3000ത്തിലധികമായി വിവരിക്കപ്പെട്ട സ്പീഷീസുകൾ ഇന്നുണ്ട്.

ദൈവം ജീവികളെ അതതു തരമായിട്ടാണ് സൃഷ്ടിച്ചതെങ്കിൽ ഇന്ന് സസ്യങ്ങളുടെയും ജന്തുക്കളുടെയും ഓരോ തരത്തിനുള്ളിൽ ഇത്രമാത്രം സ്പീഷീസുകൾ എവിടെനിന്നു വന്നു? ദൈവം അവയെ ആദിയിൽ സൃഷ്ടിച്ചതാണോ, അതോ അവ തനിയെ പിന്നെ ഉണ്ടായി വന്നവയാണോ?

സ്പീഷിസുകൾ എങ്ങനെ ഉണ്ടായി വന്നു എന്ന കാര്യത്തിൽ പരിണാമവാദികളും സൃഷ്ടിവാദികളും വിയോജിക്കുന്നു. ഒരു ആദികോശത്തിൽ (first cell) നിന്ന് കോടിക്കണക്കിന് വർഷങ്ങളിലൂടെ പരിണമിച്ചാണ് ഇന്ന് കാണുന്ന സ്പീഷീസുകൾ എല്ലാം ഉണ്ടായിരിക്കുന്നത് എന്ന് പരിണാമവാദികൾ പറയുന്നു. ചാൾസ് ഡാർവിൻ തന്റെ പ്രസിദ്ധമായ HMS Beagle കപ്പൽ യാത്രക്കിടയിൽ ഗാലാപഗോസ് ദ്വീപ സമൂഹങ്ങളിൽ ചെന്നപ്പോൾ അവിടെയുള്ള ഫിൻച് പക്ഷികളുടെ വ്യത്യസ്ത സ്പീഷീസുകളെ കണ്ട്, പ്രകൃതിയിൽ പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നുണ്ട് എന്ന് ബോധവാനായിത്തീർന്നു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് തന്റെ പുസ്തകത്തിൽ താൻ 'The origin of species' (ജാതികളുടെ ഉത്ഭവം) എന്ന് പേരിട്ടത്.

പരിണാമവാദത്തെ ഖണ്ഡിക്കുവാനായി, ആദ്യകാലങ്ങളിൽ രംഗത്തിറങ്ങിയ പല ക്രിസ്തീയ വിശ്വാസികളും, ആദ്യം ഡാർവിന്റെ പുസ്തകത്തിന്റെ പേരിനെ തന്നെ എതിർക്കണം എന്ന തീരുമാനത്തിൽ പ്രകൃതിയിൽ പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നില്ല എന്ന് തീർത്ത് പഠിപ്പിക്കുവാൻ തുടങ്ങി. ഇന്ന് നാം കാണുന്ന എല്ലാ സ്പീഷിസുകളെയും ദൈവം ആദിയിൽ ആ വിധം സൃഷ്ടിച്ചതാണെന്നും അവയിൽ പിന്നെ യാതൊരു മാറ്റവും വന്നിട്ടില്ല എന്നും അവർ വാദിച്ചു. ഈ ആശയത്തെ Fixity of species' (ജാതികളുടെ സ്ഥിരത) എന്നു പറയുന്നു.

എങ്കിലും ജാതികളുടെ സ്ഥിരത എന്ന ആശയം വേദപുസ്തകപരമായോ ശാസ്ത്രീയമായോ ശരിയല്ല. ദൈവം ആദിയിൽ ഓരോ തരത്തിനുള്ളിലും ധാരാളം സ്പീഷീസുകളെ മാറ്റമില്ലാതെ സൃഷ്ടിച്ചിരിക്കുന്നുവെങ്കിൽത്തന്നെയും, കുറഞ്ഞത് കരജന്തുക്കളിലും പക്ഷികളിലും അവയൊന്നും ഇന്ന് ശേഷിക്കുകയില്ലായിരുന്നു. കാരണം പ്രളയത്തിൽ നിന്ന് രക്ഷപെടുവാനായി പെട്ടകത്തിലേക്ക് കരജന്തുക്കളുടേയും പക്ഷികളുടേയും ഈരണ്ടിനെ കൊണ്ടു പോയത് എല്ലാ സ്പീഷിസുകളിൽ നിന്നുമല്ലായിരുന്നു. അതതു തരത്തിൽ നിന്നായിരുന്നു (ഉല്പത്തി.6:20) അതുകൊണ്ട് ഇന്ന് കരജന്തുക്കളുടെയും പക്ഷികളുടെയും ഓരോ തരത്തിനുള്ളിൽ കാണുന്ന സ്പീഷീസുകൾ തീർച്ചയായും പ്രളയത്തിനു ശേഷം പെട്ടകത്തിൽ നിന്നറങ്ങി വന്ന ഇണകളുടെ (Pairs) സന്തതികളിൽ ഉണ്ടായ മാറ്റവും ഉത്പാദനപരമായ വേർപാടും മൂലം പിന്നീട് ഉണ്ടായി വന്നവയാണ്. കുരങ്ങിന്റെ ഉദാഹരണം എടുത്താൽ, ഒരു ആൺകുരങ്ങും പെൺകുരങ്ങും പെട്ടകത്തിലേക്ക് കൊണ്ടുപോകപ്പെട്ടു. അവ വെളിയിൽ വന്ന്, അവയുടെ സന്തതികൾ ലോകത്തിന്റെ പല ഭാഗങ്ങളിലായി ചിതറി. അവയിൽ ക്രമേണ മാറ്റങ്ങൾ ഉണ്ടാകുകയും അവ ഉത്പാദനപരമായി വേർപെടുകയും ചെയ്തപ്പോൾ ഇന്ന് കുരങ്ങുകളുടെ ഏകദേശം 264 സ്പീഷിസുകൾ ലോകത്തിന്റെ പല

# വെളിപ്പാടു പുസ്തകം - ഒരു പഠനം - 2

ഡോ. ഒ. എം. ശമുവേൽ

യേശുക്രിസ്തുവിന്റെ വെളിപ്പാട്: വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിന് ദൈവം അതു അവനു കൊടുത്തു. അവൻ തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാനു പ്രദർശിപ്പിച്ചു. അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടതു സാക്ഷീകരിച്ചു. ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു (വാ.1-3).

യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നതിന് 2 വ്യാഖ്യാനങ്ങൾ ഉണ്ട്. ഒന്നാമത്തേത് യേശുക്രിസ്തു നൽകുന്ന വെളിപ്പാട്. വെളിപ്പാടിന്റെ ദാതാവ് യേശു ക്രിസ്തുവാണന്ന് സാരം. 7 സഭകൾക്കുള്ള ദൂത്, 7 മുദ്രകൾ പൊട്ടിക്കുക എന്നിത്യാദി കാര്യങ്ങൾ യേശുക്രിസ്തുവിന്റെ ശുശ്രൂഷകളാണല്ലോ. ആ നിലക്ക് യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നു പറഞ്ഞാൽ യേശുക്രിസ്തു നല്കുന്ന വെളിപ്പാട് എന്ന് ഗ്രഹിക്കുന്നതിൽ തെറ്റില്ല. മാത്രവുമല്ല യേശുക്രിസ്തുവിൽ അടങ്ങിയിരിക്കുന്ന 3 ദൗത്യങ്ങളിൽ ഒന്ന് പ്രവാചക ശുശ്രൂഷയാണല്ലോ. അങ്ങനെ ഒരു യഥാർത്ഥ പ്രവാചകൻ എന്ന നിലയിലും ഈ വ്യാഖ്യാനം സ്വീകാര്യം തന്നെ. യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നതിന് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് എന്നും വ്യാഖ്യാനിക്കാം, വെളിപ്പാടു പുസ്തകത്തിലെ കേന്ദ്രവിഷയം യേശുക്രിസ്തുവാണല്ലോ. ഒന്നാം അദ്ധ്യായത്തിൽത്തന്നെ യേശുക്രിസ്തുവിന്റെ മഹത്വ വർണ്ണന അത്യന്തം മനോഹരമായ ഒന്നാണ്. അതുകഴിഞ്ഞതിനു ശേഷവും യേശുക്രിസ്തുവിനെക്കുറിച്ചുള്ള അനവധി സത്യങ്ങൾ ഈ പുസ്തകത്തിൽ കൂടി അനുവാചകന് ലഭിക്കുന്നുണ്ട്. അങ്ങനെ യേശുക്രിസ്തു നൽകുന്ന വെളിപ്പാടെന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടെന്നും വ്യാഖ്യാനിക്കാം. രണ്ടും അംഗീകാര യോഗ്യമായ വിശദീകരണങ്ങൾ തന്നെ. ഭാവികാല സംഭവങ്ങളോടുള്ള ബന്ധനത്തിൽ ഇതിന്റെയെല്ലാം കേന്ദ്രവിഷയം യേശുക്രിസ്തു ആയിരിക്കുന്നതുകൊണ്ട് രണ്ടാമത്തെ വ്യാഖ്യാനത്തിനാണ് കൂടുതൽ അംഗീകാരം.

---

ഭാഗങ്ങളിലായി ഉണ്ടായിരിക്കുന്നു. പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നു എന്നത് ഒരു വസ്തുതയാണ്. സ്പീഷീസുകളിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നുവെന്നും അങ്ങനെ പുതിയ സ്പീഷീസുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നും നാം ഇന്ന് മനസ്സിലാക്കിയിരിക്കുന്ന ഈ ആശയത്തെ Fluidity of species' (ജാതികളുടെ സ്ഥിരതയില്ലായ്മ) എന്നു പറയുന്നു.

പുതിയ സ്പീഷിസുകൾ ഉണ്ടാകുന്നുണ്ട് എന്ന വസ്തുതയെ പരിണാമവാദികൾ മുതലെടുക്കുന്നു. പുതുതായി ഉണ്ടാകുന്ന ചില സ്പീഷിസുകൾ ചിലപ്പോൾ പിതൃജീവിയിൽ (Parent organism) നിന്നും പൂർണ്ണമായും വ്യത്യസ്തമായി ഒരു പുതിയ തരം ആയി മാറുന്നു എന്നും അത് പരിണാമം ആണ് എന്നും അവർ വാദിക്കുന്നു. പക്ഷേ പരിണാമവാദികളുടെ വിശ്വാസം മാറ്റിവെച്ചിട്ട്, വസ്തുനിഷ്ഠമായി തെളിവുകളെ പരിശോധിക്കുമ്പോൾ, പുതുതായിട്ടുണ്ടായിട്ടുള്ള ഒരു സ്പീഷീസും ഉയർന്ന് മറ്റൊരു തരമായി മാറിയിട്ടുള്ളതായിട്ട് പ്രകൃതിയിലെ നിരീക്ഷണങ്ങളോ, ജീവാശ്മ രേഖകളോ (fossil record) തെളിയിക്കുന്നില്ല.

പുതിയ സ്പീഷിസുകൾ ഉണ്ടാകുന്നുണ്ട് എന്ന വസ്തുതയെ സൃഷ്ടിവാദികൾ ഇങ്ങനെയാണ് മനസ്സിലാക്കുന്നത്. ദൈവം ആദിയിൽ ജീവികളെ അതതു തരമായി സൃഷ്ടിച്ചപ്പോൾ, പരിസരവുമായി ഇണങ്ങിച്ചേരുവാൻവേണ്ടി അവയുടെ ശരീരഘടനയിലും സ്വഭാവത്തിലും ആവശ്യമായ ചില മാറ്റങ്ങൾ വരുത്തുവാനുള്ള കഴിവ് ദൈവം അവയുടെ ജീനുകളിൽ (genes) നിക്ഷേപിച്ചിരുന്നു. ഇക്കാരണത്താൽ ഒരു ജീവി ഒരു പുതിയ പരിത: സ്ഥിതിയിലെത്തുമ്പോൾ അതുമായി പൊരുത്തപ്പെട്ടു പോകുവാൻ, പല തലമുറകളിലായി ചില മാറ്റങ്ങൾ അവയിൽ വരുത്തിയെടുക്കുന്നു. ഒടുവിൽ ആ സമൂഹം ഒരു പുതിയ സ്പീഷീസ് ആയി മാറുന്നു. എങ്കിലും ഈ സ്പീഷിസ് എപ്പോഴും അതിന്റെ ആദിമ തരത്തിനുള്ളിൽ ഒതുങ്ങി നിൽക്കുന്നു. ഒരിക്കലും അത് മറ്റൊരു തരമായി മാറുന്നില്ല.

പരിതസ്ഥിതികളോട് പൂർണ്ണമായും ഇണങ്ങിച്ചേരുവാനും (adoptation) അതിജീവിക്കുവാനും (Survival) വേണ്ടിയാണ് ദൈവം ജീവികളിൽ ഒരു പരിധിക്കുള്ളിൽ മാറ്റങ്ങൾ അതായത് വ്യതിയാനങ്ങൾ (variation) അനുവദിച്ചിരിക്കുന്നത്. ഈ വ്യതിയാനങ്ങൾ പലപ്പോഴും ഒരു തരത്തിനുള്ളിൽ പുതിയ സ്പീഷീസുകളെ ഉണ്ടാക്കുന്നു. ഇത് ജീവികളുടെ നിലനിൽപ്പിനായി ദൈവം അനുവദിച്ചിരിക്കുന്ന ഒരു സംവിധാനമാണ് ഇത് ഒരു വിധത്തിലും പരിണാമം അല്ല. (തുടരും)

വേഗത്തിൽ സംഭവിപ്പാനുള്ളതു എന്നു പറയുമ്പോൾ ആശയം സമയത്തോടുള്ള ബന്ധത്തിൽ വേഗത്തിൽ സംഭവിക്കുക എന്നാണ് സാധാരണ മനസ്സിലാക്കുന്ന ആശയം. എന്നാൽ ഇവിടെ വേഗത്തിൽ സംഭവിക്കുക എന്നുള്ളത് ഭാവിയിൽ നടക്കാനിരിക്കുന്ന സംഭവപരമ്പരകൾ തുടങ്ങി കഴിഞ്ഞാൽ വേഗത്തിൽ അതിന്റെ സമാപ്തിയിൽ എത്തിച്ചേരും എന്നുള്ള അർത്ഥത്തിലാണ് ആ വാക്യം പ്രയോഗിച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ സഭയ്ക്കു വേണ്ടിയുള്ള വരവാണല്ലോ ദൈവീക കാര്യ പരിപാടിയിൽ അടുത്തു നടക്കുവാൻ പോകുന്ന പ്രധാന പ്രവചനസംഭവം. അതു കഴിഞ്ഞാൽ മഹോപദ്രവകാലം, അന്തിക്രിസ്തുവിന്റെ തേർവാഴ്ച, യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷത, ജാതികളുടെ ന്യായവിധി, ഒന്നാം പുനരുത്ഥാനം എന്നിങ്ങനെയുള്ള സംഭവ പരമ്പരകൾ വേഗത്തിൽ സംഭവിക്കാൻ പോവുകയാണ്.

ഭാവികാല സംഭവങ്ങൾ തന്റെ ദാസന്മാർ ഗ്രഹിക്കണം എന്നുള്ളത് ദൈവത്തിന്റെ വലിയ ആഗ്രഹമാണ്. ഭാവികാല സംഭവങ്ങൾ തന്റെ ദാസന്മാരിൽ നിന്നും മറച്ചു പിടിക്കുക എന്നുള്ളതല്ല ദൈവത്തിന്റെ ഉദ്ദേശ്യം. സോദോമിന്റെമേൽ വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് യഹോവയുടെ വാക്ക് ശ്രദ്ധിക്കുക. ഞാൻ ചെയ്യാനിരിക്കുന്നത് അബ്രാഹാമിനോട് മറച്ചു വെക്കുമോ? ഇല്ല. ദൈവം വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചു അബ്രാഹാമിന് വെളിപ്പെടുത്തി. അതിന്റെ ഫലമായി അബ്രാഹാം ദൈവസന്നിധിയിൽ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥന എത്രയോ അനുകരണീയമായിരിക്കുന്നു. അതുപോലെ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തി തന്നിരിക്കുന്ന ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്താം. വരുവാനിരിക്കുന്ന ന്യായവിധിയെ ഓർത്തു നമുക്കും അബ്രാഹാമിനെപോലെ നശിച്ചുപോകുന്ന ജനതയ്ക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്താം.

തന്റെ ദാസന്മാർക്കു വെളിപ്പെടുത്തി കൊടുത്തിരിക്കുന്ന വിധം ശ്രദ്ധിക്കുക. ദൈവം അതു അവനു കൊടുത്തു. ആരാണ് ഈ അവൻ. മുമ്പിലുള്ള വാക്യവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ അവൻ യേശുക്രിസ്തുവാണെന്നു ഗ്രഹിക്കാം. ദൈവം ഈ വെളിപ്പാടു തന്റെ പുത്രനായ യേശുക്രിസ്തുവിനു നൽകി. യേശുക്രിസ്തു ആ വെളിപ്പാട് തന്റെ ദൂതന് നൽകി. ദൈവദൂതൻ അത് യോഹന്നാനു പ്രദർശിപ്പിച്ചു. എന്താണ് പ്രദർശിപ്പിച്ചത്? വേഗത്തിൽ സംഭവിപ്പാനുള്ള വെളിപ്പാടാണ് പ്രദർശിപ്പിച്ചത്. ഈ വെളിപ്പാട് ഇതിനു മുൻപ് ആർക്കും നൽകിയിട്ടില്ല. ഇതുവരെയും വെളിപ്പെടുത്താതെ മറക്കപ്പെട്ട സത്യമായിരുന്നു. എന്നാൽ യോഹന്നാന് അത് മറ നീക്കി പ്രദർശിപ്പിക്കുകയാണ്. വെളിപ്പാട് എന്ന ഗ്രീക്കു വാക്കിൽ അന്തർലീനമായിരിക്കുന്ന ആശയവും ഇതുതന്നെ. ഇന്ന് ചിത്രങ്ങളും പ്രതിമകളും അനാഛാദനം ചെയ്യുക സാധ്യമാണെല്ലോ? ഇതുപോലെ ഇതുവരെയും വെളിപ്പെടുത്താതിരുന്ന ഭാവികാല സംഭവങ്ങളെക്കുറിച്ചുള്ള വെളിപ്പാട് യോഹന്നാന്റെ നഗ്നനേത്രങ്ങൾക്കു മുമ്പാകെ അനാഛാദനം ചെയ്തിരിക്കുകയാണ്. യോഹന്നാനിൽ നിന്നും ഈ വെളിപ്പാട് നമുക്ക് ലഭിച്ചിരിക്കുന്നു. (തുടരും)

## ബഥനി ബൈബിൾ സ്കൂൾ കുമ്പനാട്

സ്കൂളിന്റെ 61-ാമത് ബാച്ചിന്റെ പഠനം അനുഗ്രഹകരമായി തുടരുന്നു. ഈ ബാച്ചിന്റെ സുവിശേഷ ക്യാമ്പ് ദൈവഹിതമായാൽ 2010 ഫെബ്രുവരി 1-7 വരെ രാജകുമാരി (ഇടുക്കി) ബ്രദറൺ സഭയുടെ സഹകരണത്തിൽ അവിടെ നടത്തുവാൻ ആഗ്രഹിക്കുന്നു. ഭവന സന്ദർശനം, പരസ്യയോഗങ്ങൾ, രാത്രി സുവിശേഷ യോഗങ്ങൾ, ബൈബിൾ ക്ലാസ്സ് എന്നിവ പ്രധാന ശുശ്രൂഷകളായിരിക്കും. അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും സെക്രട്ടറി.

## ആത്മപ്രകാശിനി

ആത്മപ്രകാശിനി 29-ാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ എല്ലാ ബഹുമാന്യ മിത്രങ്ങൾക്കും ഹൃദയംഗമമായ **പുതുവത്സരാശംസകൾ !!!** കർത്താവ് വരുവാൻ താമസിച്ചാൽ ഈ പുതു വർഷത്തിലും ആത്മപ്രകാശിനിയുടെ ശുശ്രൂഷ അനുഗ്രഹകരമായി തുടരുവാൻ ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും സാദരം ക്ഷണിക്കുന്നു. എന്ന് പബ്ലിഷർ.

## വിലാസ മാറ്റം

പൂതക്കുഴി ശാലേം ബ്രദറൺ സഭയ്ക്കുള്ള കത്തുകളും അറിയിപ്പുകളും അയയ്ക്കേണ്ട വിലാസം : പൂതക്കുഴി ശാലേം ബ്രദറൺ സഭ, C/o പി.എം. പൗലൂസ്, പൊട്ടക്കാലിൽ, കുമ്പന്താനം, പൂതക്കുഴി പി.ഒ., കോട്ടയം - 686 521

# ക്രിസ്തീയ ശിഷ്യത്വം -1

Dr. Silas C. Nair, Ernakulam

യേശു ക്രിസ്തു ചെയ്ത അത്ഭുതങ്ങൾ കണ്ടു ഒരു വലിയ പുരുഷാരം തന്നെ പിന്തുടർന്നു (യോഹ.6:1-66) അവരുടെ ഉദ്ദേശ്യം എന്തായാലും അവരുടെ വിശപ്പ് കർത്താവു മനസ്സിലാക്കി അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് 5000ത്തെ പോഷിപ്പിച്ചു. അവർ അവനെത്തേടി കഫർന്നഹൂമിൽ എത്തി. നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിനായിട്ടു പ്രവർത്തിപ്പിൻ എന്നു കർത്താവു അവരോടു പറഞ്ഞു (വാ.27) അവരുടെ ചോദ്യത്തിനുത്തരമായി അവനിൽ വിശ്വസിക്കുന്നതാണ് ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി എന്നു പറഞ്ഞു (വാ.29) ഉടനെ അതിന്നായി ഒരടയാളം അവർ ആവശ്യപ്പെട്ടു. "നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാതിന്നു, അവർക്ക് തിന്നുവാൻ സ്വർഗ്ഗത്തിൽ നിന്ന് അപ്പം കൊടുത്തു എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ പിതാവ് സ്വർഗ്ഗത്തിൽ നിന്ന് അവർക്ക് അപ്പം കൊടുത്തുവെന്നും താൻ തന്നെയാണ് ജീവന്റെ അപ്പം എന്നും അവൻ പറഞ്ഞു. ഇതു കേട്ടപ്പോൾ അവർ പിറുപിറുത്തു (വാ.41) അവൻ നല്കുന്ന അപ്പം അവന്റെ മാംസമാണെന്നും, അവന്റെ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എന്നുള്ള അവന്റെ വാക്കുകൾ കേട്ടപ്പോൾ ഇതു കഠിന വാക്ക് ഇത് ആർക്കു കേൾപ്പാൻ കഴിയും എന്നു പറഞ്ഞു. അന്നു മുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല. (വാ.66).

ക്രിസ്തുശിഷ്യനാകുക എന്നതിന്റെ അർത്ഥമെന്താണ്? ഒരുവന്നു ആവശ്യമുള്ളപ്പോൾ അവനെ അനുഗമിക്കുകയും അല്ലാത്തപ്പോൾ അവനെ വിട്ടു നില്ക്കുകയും ചെയ്യുന്നതാണോ? യേശുക്രിസ്തു യോഹന്നാന്റെ സുവിശേഷത്തിൽ അരുളിചെയ്തിരിക്കുന്ന 3 പ്രസ്താവനകൾ ഇതിലേക്ക് വെളിച്ചം വീശുന്നു.

തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു പറഞ്ഞു. "എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും, സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" (യോഹ.8:31). യേശുക്രിസ്തുവിന്റെ വചനത്തിൽ നിലനില്ക്കുന്നതാണ് യഥാർത്ഥ ശിഷ്യന്റെ അടയാളം.

യേശു കുരുടനെ സൗഖ്യമാക്കി (യോഹ.9) യഹൂദന്മാർ അവനോടു ചോദിച്ചപ്പോൾ സൗഖ്യം പ്രാപിച്ച കുരുടൻ ഒന്ന് അറിയുന്നു, ഞാൻ കുരുടനായിരുന്നു ഇപ്പോൾ കാണുന്നു എന്നുത്തരം പറഞ്ഞു. പരീശന്മാർ വീണ്ടും അവനോട് "നിന്റെ കണ്ണു എങ്ങനെ തുറന്നു എന്നു ചോദിച്ചു." അവൻ; ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ... നിങ്ങൾക്കും അവന്റെ ശിഷ്യന്മാരാകുവാൻ മനസ്സുണ്ടോ എന്നുത്തരം പറഞ്ഞു. അപ്പോൾ അവർ ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ. പരിശന്മാർ മോശെയെ വളരെ ബഹുമാനത്തോടെയാണല്ലോ കരുതിയിരുന്നത്. അവർ പറഞ്ഞതിന്റെ അർത്ഥം, മോശെ മരിച്ചിട്ടു നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും അവർ മോശെയുടെ ഉപദേശം സ്വീകരിച്ചു ജീവിക്കുന്നു എന്നതാണ്. പക്ഷെ കർത്താവു അവരോടു പറഞ്ഞത്. നിങ്ങളെ കുറ്റം ചുമത്തുന്നവൻ ഉണ്ട്; നിങ്ങൾ പ്രത്യാശ വെച്ചിരിക്കുന്ന മോശെ തന്നെ എന്ന് (യോഹ.5:45).

യോഹന്നാൻ സ്നാപകൻ സ്വർഗ്ഗരാജ്യം പ്രസംഗിച്ചുകൊണ്ടു വന്നു. അനേകർ അവനെ പിന്തുടർന്നു. അവന്റെ ശിഷ്യന്മാർ ആയി. മോശെയുടെ കാര്യത്തിലും യോഹന്നാന്റെ കാര്യത്തിലും ശിഷ്യന്മാരാണ് അവരുടെ ഗുരുവിനെ തിരഞ്ഞെടുത്തത്. എന്നാൽ ക്രിസ്തീയ ശിഷ്യത്വത്തിൽ യേശുവാണ് ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നത്. അവൻ തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു. അവർ അവന്റെ അടുക്കൽ വന്നു. അവൻ പ്രസംഗിക്കേണ്ടതിനു അയപ്പാനും തന്നോടു കൂടിയിരിപ്പാനും പന്തിരുവരെ നിയമിച്ചു. (മർക്കൊസ് 3:13,14) എന്നെ അനുഗമിപ്പിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു. (മർക്കൊസ് 1:17). യേശുക്രിസ്തുവാണ് (ഗുരുവാണ്) ശിഷ്യരെ മെനയുന്നത്. മൂന്നരവർഷത്തെ തന്റെ പരസ്യ ശുശ്രൂഷയിൽ ചിലരെ അവൻ വിളിച്ചു. അവരെ ഉപദേശിക്കുക മാത്രമല്ല, തന്നെ പിന്തുടരുവാൻ ഒരു മാതൃക അവർക്കു കാണിച്ചുകൊടുത്തു. (1 പത്രൊസ്. 2:21). ക്രിസ്തീയ ശിഷ്യത്വം ഒരു ഉപദേശ സംഹിതയിൽ മാത്രം അടങ്ങിയിരിക്കുന്നില്ല. അതു ജീവൻ പ്രദാനം ചെയ്യുന്നതു കൂടിയാണ് അവിടെയും അതു അവസാനിക്കുന്നില്ല. അവർക്ക് അവൻ ജീവൻ നല്കുന്നു. ഈ ജീവൻ പ്രത്യുൽപാദന ശേഷിയുള്ളതാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാർ വേറെ ശിഷ്യന്മാരെ ഉണ്ടാക്കുന്നു. ജീവൻ ജീവനെ പ്രത്യുൽപാദിപ്പിക്കുന്നു!

യേശുക്രിസ്തു ഒരു പുതിയ കല്പന തന്റെ ശിഷ്യന്മാർക്കു കൊടുത്തു. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു തന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ "എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ.13:34,35). യേശുക്രിസ്തുവിന്റെ സ്നേഹം ത്യാഗപരമായ സ്നേഹമാണ് ലോകത്തോടും ശിഷ്യന്മാർ തമ്മിൽ തമ്മിലും സാക്ഷ്യം വഹിക്കുന്ന സ്നേഹമാണിത്.

മാളിക മുറിയിലെ ശുശ്രൂഷയിൽ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹ.15:8). മുന്തിരിവള്ളി യിലുള്ള രസം കൊമ്പുകളിൻകൂടെ ഒഴുകുന്നതു കൊണ്ടാണ് കൊമ്പുകൾ ഫലം കായ്ക്കുന്നത്. ആ രസമാണ് മുന്തിരിവള്ളിയുടേയും കൊമ്പുകളുടേയും ജീവൻ. ശിഷ്യന്മാരുടെ സ്വഭാവ രൂപീകരണമാണ് ഇവിടെ വിഷയം. ഗുരുവിനെ പ്പോലെ ആകുന്നതു ശിഷ്യനുമതി. അവൻ ശിഷ്യന്മാരെ വിളിക്കുന്നതിന്റെ പരമോന്നതമായ ഉദ്ദേശ്യവും അതുതന്നെ. ശിഷ്യൻ തേജസ്സിനു മേൽതേജസ്സ് പ്രാപിച്ച് അതെ പ്രതിമയായി രൂപാന്തരപ്പെടുന്നു. (2കൊരി.3:18)

**1. ശിഷ്യത്വത്തിലേക്കുള്ള വിളി**

യേശുക്രിസ്തു നല്കിയ വലിയ നിയോഗത്തിൽ അപ്പൊസ്തലന്മാരോട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നു കല്പിച്ചു (മത്തായി 28:18-20). ഈ ദൗത്യത്തിൽ ആദ്യം ചെയ്യേണ്ടത് യേശുക്രിസ്തുവിന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുക എന്നതാണ്. (ലൂക്കൊസ് 24:47). വലിയ കല്പനയുടെ ദൂത് ഇവിടെയാണ് കാണുന്നത്. മനുഷ്യൻ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവനാണ് (എഫെ.2:1). അവന് ആവശ്യമുള്ളത് ഉപദേശമല്ല ജീവനാണ്. തന്റെ പാപത്തെക്കുറിച്ച് അനുതപിച്ച് അവൻ ജീവനായ യേശുക്രിസ്തുവിങ്കലേക്കു തിരിയണം. ശിഷ്യനാകുന്നതിന്റെ ആദ്യത്തെ പടി ഇതാണ്. പ്രാകൃത മനുഷ്യൻ ദൈവത്തിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. (1 കൊരി.2:14).

പാപത്തെക്കുറിച്ച് മാനസാന്തരപ്പെട്ട് രക്ഷക്കായി യേശുക്രിസ്തുവിങ്കലേക്ക് (ജീവന്നായി) തിരിഞ്ഞവർ വീണ്ടുംജനനം പ്രാപിക്കുന്നു. അവരെയാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുന്നത്. വലിയ കല്പന പ്രമാണിക്കുന്നതിൽ രണ്ടാമത്തെ പടി ഇവിടെയാണ് കാണുന്നത്. അല്ലെങ്കിൽ ആ കല്പന എങ്ങനെ ആചരിക്കണമെന്ന് രക്ഷക്കായി ഒരു വിളിയുണ്ട് (മത്തായി.11:28). ഇതെ തുടർന്നു കേൾക്കുന്ന ശബ്ദം ഇതാണ്. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ യേശുക്രിസ്തുവിന്റെ കർത്തൃത്വത്തെക്കുറിച്ചുള്ള അവന്റെ അറിവ് പൂർണ്ണമായിരിക്കണമെന്നില്ല. പക്ഷെ എപ്പോഴെല്ലാം അവന്റെ അവകാശവാദം നമ്മുടെ മുമ്പിൽ അവതരിക്കപ്പെടുന്നുവോ അപ്പോഴെല്ലാം അതിനുമുമ്പിൽ നാം സമർപ്പിക്കപ്പെടണം. സംതൃപ്തിയും വിശുദ്ധീകരണവുമാണ് ഈ സമർപ്പണത്തിന്റെ അനന്തര ഫലം. (തുടരും)

16-ാം പേജിൽ നിന്നും തുടർച്ച

മാധ്യമങ്ങളിൽ നിറയുമ്പോൾ നമ്മുടെ ഹൃദയം വിറളി പിടിക്കുന്നില്ലേ? എങ്കിലും നമുക്കൊന്നാശ്വസിക്കാം. ആ കല്പാത്രങ്ങളിലേക്ക് വീഞ്ഞു നിറയ്ക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ കർത്താവ്. ഉറപ്പുള്ള പാറമേൽ നിറുത്തുന്നതിനു മുൻപായി സ്വന്തരക്തത്താൽ അവൻ നമ്മെ കഴുകിയതാണ് അന്ന് പൊക്കിൾക്കൊടി മുറിച്ചിട്ടില്ല, ഞെക്കി കഴുകീട്ടില്ല, സർവ്വത്ര അഴുക്കായിരുന്നു. എന്നാൽ എല്ലാം കഴുകി ശുദ്ധീകരിക്കുവാൻ കഴിവുള്ളവന്റെ പക്കൽ നമ്മെതന്നെയും നമ്മുടെ തലമുറകളെയും സമർപ്പിച്ചു കരയാം. അവൻ നമ്മെ വഴിനടത്തും തീർച്ച. കാട്ടു മുന്തിരിങ്ങയല്ല, നല്ല മുന്തിരിപ്പഴത്താൽ നമ്മുടെ കർത്താവിന്റെ മുന്തിരിതോട്ടം നിറയേണ്ടതിനായി ഉണർന്ന് പ്രാർത്ഥനയിൽ ജാഗരിക്കാം, പ്രവർത്തിക്കാം. ●

> *"സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന് ഒരു കിരീടം. നാണം കെട്ടവളോ അവന്റെ അസ്ഥികൾക്ക് ദ്രവത്വം". (ബൈബിൾ)*

# കൃപ എന്ന വിശിഷ്ട വിഷയം – 5

കെ.വി. ജോൺ, തിരുവല്ല

*കൃപയുടെ ബഹുത്വത്താലുള്ള ആരാധന*

"ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധ മന്ദിരത്തിനു നേരേ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും" (സങ്കീ..5:7).

ആരാധനയും പ്രാർത്ഥനയും ദൈവമക്കൾ ഒറ്റയ്ക്കോ കൂട്ടമായോ ദൈവസന്നിധിയിൽ അർപ്പിക്കുന്ന 2 യാഗങ്ങളാണല്ലോ. "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല" (യോഹ.9:31) എന്നു കാണുന്നു. അപ്പോൾതന്നെ അവന്റെ നീതികരണത്തിനുവേണ്ടിയുള്ള യാചന ദൈവം കേൾക്കുന്നു. (ലൂക്കോസ് 18:13–14) ഒരുവൻ ഒറ്റയ്ക്ക് ദൈവത്തെ ആരാധിക്കുകയോ ദൈവത്തോട് പ്രാർത്ഥിക്കുകയോ ചെയ്യുമ്പോൾ 'ഞാൻ' എന്നും ദൈവമക്കൾ കൂട്ടമായി ആരാധന നടത്തുകയോ പ്രാർത്ഥന നടത്തുകയോ ചെയ്യുമ്പോൾ 'ഞങ്ങൾ' അഥവാ 'നാം' എന്നുമുള്ള സർവ്വനാമങ്ങളാണ് പ്രയോഗിക്കുന്നത്. ഉദാഹരണമായി താഴെ ഉദ്ധരിച്ചിരിക്കുന്ന സങ്കീർത്തനഭാഗങ്ങൾ നോക്കുക.

**ആരാധനയിൽ :**

''ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ച് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും'' (സങ്കീ.116:17) ''ദൈവമേ! ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു" (സങ്കീ.75:1) "വരുവിൻ നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക. സങ്കീർത്തനങ്ങളോടെ അവന് ഘോഷിക്കുക" (സങ്കീ.95:1,2)

**പ്രാർത്ഥനയിൽ :**

''യഹോവേ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു...... എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടേ'' (സങ്കീ.141:1,2) "ഞങ്ങളുടെ രക്ഷയുടെ ദൈവമേ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമേ...... നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?" (സങ്കീ.85:4–6) "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും" (മത്തായി.6:7) എന്ന് കർത്താവു പറഞ്ഞു. "പ്രാർത്ഥന കേൾക്കുന്നവനായുള്ളോവേ" (സങ്കീ.65:2) എന്ന് സങ്കീർത്തനക്കാരൻ ദൈവത്തെ അഭിസംബോധന ചെയ്യുന്നു. പക്ഷേ പ്രായോഗിക വിശ്വാസ ജീവതത്തെക്കുറിച്ച് പ്രബോധിപ്പി ച്ചെഴുതുമ്പോൾ യാക്കോബു പറയുന്നു. "നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കുകകൊണ്ട് ഒന്നും ലഭിക്കുന്നില്ല'' (യാക്കോബ് 4:3). പ്രാർത്ഥിക്കേണ്ടതുപോലെ പ്രാർത്ഥിച്ചില്ലെങ്കിൽ പ്രാർത്ഥന വെറും അധരവ്യായാമമായി അവസാനിക്കുമെന്നു സാരം. ആരാധനയുടെ കാര്യത്തിലും ഇതു ശരിയല്ലേ. ആരാധിക്കേണ്ടതുപോലെ ആരാധിച്ചില്ലെങ്കിൽ ദൈവം ആരാധന കൈക്കൊള്ളുമോ?

കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നവരാണല്ലോ ദൈവമക്കൾ. അവർ സർവ്വകൃപാലുവായ ദൈവത്തിന് അർപ്പിക്കുന്ന "അധരഫലം എന്ന സ്തോത്രയാഗം" (എബ്രാ.13:15) കൃപയുടെ ബഹുത്വത്താൽ അർപ്പിച്ചില്ലെങ്കിൽ ദൈവം അതു സ്വീകരിക്കുമോ? ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് ഉദ്ധരിച്ചിരിക്കുന്ന വാക്യത്തിൽ (സങ്കീ.5:7) ആരാധനയോടു ബന്ധപ്പെട്ട് 4 സുപ്രധാന സംഗതികൾ കാണുവാൻ കഴിയും.

1) ആരാധനയുടെ വ്യവസ്ഥ : അതാണ് കൃപയുടെ ബഹുത്വം എന്ന പ്രയോഗത്തിൽ കാണുന്നത്. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് "കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു" (യോഹ.1:17). "അവന്റെ നിറവിൽ നിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" (യോഹ.1:16) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതെഴുമ്പോൾ ഈ എഴുത്തുകാരന് ഓർമ്മ വരുന്നത് 2 രാജാ. 4–ാം അദ്ധ്യായത്തിൽ കാണുന്ന പ്രവാചക ശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തിക്ക് ഉണ്ടായ അനുഭവമാണ്. ഒരു ഭരണി എണ്ണയിൽ നിന്നും പ്രവാചകന്റെ നിർദ്ദേശപ്രകാരം വെറും പാത്രങ്ങളിലേക്ക് പകർന്നപ്പോൾ അത് അനേകമടങ്ങായി വർദ്ധിച്ചു. അവൾ എത്രമാത്രം പാത്രങ്ങൾ എവിടെ നിന്നെല്ലാം കൊണ്ടുവന്നവോ അവയിലെല്ലാം എണ്ണ നിറച്ചു. നീർ ഒരിക്കലും വറ്റാത്ത ഉറവയാണല്ലോ നമ്മുടെ കർത്താവ്. ശമര്യാ സ്ത്രീയോടു സംസാരിക്കുമ്പോൾ കർത്താവുതന്നെ അക്കാര്യം വെളിപ്പെടുത്തിയല്ലോ. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല. "ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവായിത്തീരും'' (യോഹ.4:14). നമ്മുടെ കർത്താവിൽ നിന്ന് വെറും പാത്രങ്ങളായ നമ്മിലേക്ക് പകർന്ന കൃപ എത്രമനോഹരമാണ്. ആ കൃപ നിറവിൽ വേണം കർത്താവിനെ ആരാധിക്കേണ്ടത്.

# ഒരുക്കമുള്ള ആരാധന (തുടർച്ച)

എസ്.ജി. ഗിൽബർട്ട്, ആറാമട

**B. സന്ദർഭം അനുസരിച്ചു പാടണം**

പാട്ടുകൾ എല്ലാം നല്ലതാണെങ്കിലും അവ എപ്പോൾ എവിടെ ഏതു സന്ദർഭത്തിൽ പാടണം എന്നു മനസ്സിലാക്കിയിരിക്കണം. അതാതു സന്ദർഭം അനുസരിച്ച് പാട്ടുകൾ പാടണം.

**1. പ്രാർത്ഥിച്ച് ആരാധന തുടങ്ങുന്നതിന് മുമ്പ്**

എല്ലായിടങ്ങളിലും ഈ ഭാഗം ഒരുപോലെയല്ല. ചില സ്ഥലങ്ങളിൽ സ്തോത്രഗീതം പാടി ആരാധന ആരംഭിക്കുന്നതിന് മുമ്പ് കഴിഞ്ഞ ആഴ്ചയിൽ കർത്തൃമേശയിൽ സംബന്ധിക്കാത്തവരും അതിഥികളും സാക്ഷ്യം പറയുന്ന രീതിയുണ്ട്. അങ്ങനെയുള്ളിടങ്ങളിൽ പൊതുവായ ഒരു പാട്ടു പാടുന്നു; അതിനെ തുടർന്ന് സാക്ഷ്യം പറഞ്ഞ് പ്രാർത്ഥിച്ച് ആ ഭാഗം അവസാനിപ്പിക്കുന്നു.

**2. ആരാധനയുടെ തുടക്കം**

പ്രാർത്ഥിച്ച് ആരാധനയ്ക്ക് തുടക്കംകുറിച്ചാൽ ആദ്യം സ്തോത്ര ഗീതങ്ങളാണ് പാടേണ്ടത്. നമ്മുടെ പാട്ടു പുസ്തകങ്ങളിൽ ഓരോ സന്ദർഭങ്ങളിലും പാടേണ്ട പാട്ടുകൾ പ്രത്യേകമായി തരം തിരിച്ച് കാണിച്ചിട്ടുണ്ട്. സ്തോത്രത്തോടുകൂടെ ദൈവത്തെ ആരാധിക്കണമെങ്കിൽ സ്തോത്രഗീതം തന്നെ ആദ്യം പാടണം.

**3. സ്തോത്രം ചെയ്യുന്നതിനിടയിൽ**

ഒന്നിലധികം പേർ സ്തോത്രം ചെയ്തു കഴിഞ്ഞ് ഇടയ്ക്ക് അതിനോടനുബന്ധിച്ച് ഏതെങ്കിലും സ്തോത്രഗീതങ്ങളുടെ ചരണങ്ങൾ അർത്ഥം മനസ്സിലാക്കി പാടുന്നത് അടുത്ത ആളിന് സ്തോത്രം ചെയ്യാനും കൂടിയിരിക്കുന്ന മറ്റുള്ളവർക്ക് ആത്മാവിൽ നിറയാനും സഹായകമാകും.

4. ആരാധന ചിന്തകൾ പറയുന്നതിനിടയിൽ

കർത്തൃമേശയോടുള്ള ബന്ധത്തിൽ അനുഗ്രഹീതമായ ചിന്തകൾ കേട്ടാൽ ഉടനെ ആരെങ്കിലും സ്തോത്രം ചെയ്യുകയോ അല്ലായെങ്കിൽ കഷ്ടാനുഭവങ്ങളോടുള്ള ബന്ധത്തിൽ ഉള്ള പാട്ടുകളുടെ ചരണങ്ങൾ പാടുകയോ ചെയ്യുന്നത് നല്ലതാണ്. ആ ഗാനം കർത്താവിനെ ആരാധിക്കാൻ നമ്മുടെ ആത്മാവിനെ ഏകാഗ്രതയിൽ ആക്കുവാൻ ഉതകുന്നതായിരിക്കും. അതോടൊപ്പം അടുത്ത് ധ്യാന ചിന്ത പറയുന്ന ആളിന് പ്രേരണ ലഭിക്കുന്നതിന് സഹായിക്കും.

---

ആരാധന എവിടെവച്ചു വേണം എങ്ങനെ വേണം ആരാണ് ആരാധ്യ പുരുഷൻ ഇത്യാദി വിഷയങ്ങളെ സംബന്ധിച്ച് സഹോദരന്മാർ മാധ്യമങ്ങളിലൂടെയോ അല്ലാതെയോ തമ്മിൽ തമ്മിൽ ''വാളുകൊണ്ടു കുത്തുംപോലെ മൂർച്ചയായി സംസാരിച്ചാൽ'' (സദൃ.12:18) ആരാധന ശരിയാകുമോ? ആരാധ്യപുരുഷൻ തൃപ്തിപ്പെടുമോ? അങ്ങനെയുള്ള ആരാധനക്കാർക്ക് കൃപയുടെ നിറവിൽ അഥവാ കൃപാബഹുത്വത്താൽ സ്തോത്രയാഗം അർപ്പിക്കുവാൻ സാധിക്കുമോ?

തിരുവെഴുത്തു ശ്രദ്ധിക്കുക. ''സഹോദരനെ പകക്കുന്നവൻ കൊലപാതകനാകുന്നു'' (1 യോഹ.3:15). "ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു'' (1 യോഹ. 4:20). അപ്പൊസ്തലനായ യോഹന്നാന്റെ വാക്കുകളാണ് ഇവ. കർത്താവു പറഞ്ഞതു ഇത്തരുണത്തിൽ ഓർക്കുക. "ഞാനോ നിങ്ങളോടു പറയുന്നത്. സഹോദരനോടു കോപിക്കുന്നവനെല്ലാം ന്യായവിധിക്കു യോഗ്യനാകും. സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുൻപിൽ നിൽക്കേണ്ടി വരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിനു യോഗ്യനാകും. ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരേ വല്ലതും ഉണ്ടെന്നു അവിടെവച്ചു ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു ഒന്നാമതു ചെന്ന് സഹോദരനോടു നിരന്നു കൊൾക. പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക" (മത്തായി. 5:22-24).

കൃപാ ബഹുത്വത്താൽ ദൈവത്തെ ആരാധിക്കുന്നതിനു പകരം ആരാധനയെക്കുറിച്ച് അതും ഇതുമൊക്കെ എഴുതുന്നതുകൊണ്ടോ പറയുന്നതുകൊണ്ടോ എന്താണു പ്രയോജനം. അങ്ങനെ ചെയ്യുന്നവർ കൃപയിൽ നിന്നു മാറുന്നുവെന്നു മാത്രമല്ല കൃപാനിറവിൽ ദൈവത്തെ ആരാധിപ്പാൻ ആഗ്രഹിക്കുന്നവരുടെ മനസ്സിൽ ചിന്താകുഴപ്പം സൃഷ്ടിച്ച് അവരുടെ ഏകാഗ്രതയെ നശിപ്പിക്കുകയായിരിക്കും ചെയ്യുന്നത്.

മിക്കവാറും ഉള്ള വിമർശനങ്ങളിലെല്ലാം കുറ്റപ്പെടുത്തലുകളോ പക കലർന്ന ഭാഷാ പ്രയോഗങ്ങളൊ കാണാം. കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായ (കൊലൊ.4:6) പദപ്രയോഗങ്ങൾ വിരളം. ആകയാൽ ഇതെല്ലാം അവസാനിപ്പിച്ച് എല്ലാ ദൈവമക്കൾക്കും കൃപാബഹുത്വത്തിൽ ദൈവത്തെ ആരാധിപ്പാൻ സംഗതിയാകട്ടെ. (തുടരും)

### 5. കർത്തൃമേശയുടെ ചിന്തകൾ പറഞ്ഞ് സ്തോത്രം ചെയ്യാൻ മുട്ടുകൾ മടക്കുമ്പോൾ

ആ സന്ദർഭത്തിൽ കർത്താവിനെ വീണ്ടു നമസ്കരിക്കുന്നതിനുതകുന്നതായ ഗാനം പാടുന്നത് നല്ലതാണ്. കർത്തൃമേശയോടുള്ള ബന്ധത്തിൽ കേൾപ്പിച്ച ധ്യാനചിന്തകൾ മനസ്സിൽ ഉൾക്കൊണ്ട് കർത്താവിന്ന് സ്തുതി സ്തോത്രം, മാനം, ധനം, ബലം, ബഹുമാനം അർപ്പിക്കാൻ ആ സന്ദർഭത്തിലെ ഗാനത്തിന്റെ അടികൾ നമ്മെ സഹായിക്കും.

### 6. കർത്തൃമേശയുടെ മദ്ധ്യത്തിൽ

കർത്തൃമേശയുടെ മദ്ധ്യത്തിൽ കർത്താവിന്റെ കഷ്ടാനുഭവങ്ങളോടുള്ള പാട്ടിന്റെ ചരണങ്ങൾ പാടുന്നത് നല്ലതാണ്. പാട്ടിന്റെ അർത്ഥം മനസ്സിലാക്കി പാടിയാൽ ഏകാഗ്രത തെറ്റാതെ കർത്താവിന്റെ മേശയിൽ നിന്നും ബഹുമാന ആദരവോടെ പങ്കുചേരുവാൻ നമ്മെ സഹായിക്കും.

### 7. വചന ശുശ്രൂഷയ്ക്കു മുമ്പ്

കർത്തൃമേശ കഴിഞ്ഞ് വചന ശുശ്രൂഷയ്ക്കു മുമ്പായി പൊതു ഗീതങ്ങളോ കൺവൻഷൻ ഗാനങ്ങളോ പാടാവുന്നതാണ്. അതുവരെ എല്ലാവരും ഇരിക്കുന്നതാകകൊണ്ട് ഈ പാട്ട് എല്ലാവരും എഴുന്നേറ്റ് നിന്ന് കരങ്ങൾ അടിച്ചു പാടുന്നത് ഏവർക്കും എക്സർസൈസിനും ഉണർവ്വിനും കാരണമായിത്തീരും. എല്ലാവരും കൂടെ ചേർന്ന് ഉത്സാഹമായി പാടിയാൽ തുടർന്നുള്ള സന്ദേശം തരുന്നവർക്ക് അത് പ്രചോദനമായിത്തീരും.

### C. ഒരാൾ തന്നെ പാട്ടു തുടങ്ങുന്നു

ഒരാൾ തന്നെ ആദ്യം മുതൽ അവസാനം വരെ പാട്ടുകൾ എടുക്കുകയും തുടങ്ങുകയും ചെയ്യുന്നത് ശരിയല്ല. അവർ മറ്റുള്ളവർക്ക് പാട്ടുകൾ എടുക്കുന്നതിനും പാടുന്നതിനും അവസരം കൊടുക്കണം. ചിലയിടങ്ങളിൽ പാട്ടുകൾ ലീഡു ചെയ്യാൻ അധികംപേർ കണ്ടില്ലെന്നു വരാം. പക്ഷേ മറ്റുള്ളവർക്ക് ഇഷ്ടമുള്ള പാട്ടുകളുടെ നമ്പരുകൾ പറയാൻ അവസരം കൊടുക്കാൻ കഴിയുമല്ലോ. ചിലപ്പോൾ ഒരു സഭയുടെ ശൈശവദശയിൽ സുവിശേഷകനോ മൂപ്പനോ പാട്ടുകൾ തുടങ്ങി പാടേണ്ടതായി വരാം. കാലക്രമേണ മറ്റുള്ള സഹോദരന്മാരെ ആ കാര്യങ്ങൾക്കായി പ്രാപ്തരാക്കി വളർത്തി എടുക്കണം. അപ്പോൾ മാത്രമേ ആരാധന എല്ലാവരുംകൂടെ ചേർന്നുള്ളതെന്ന ബോധം ഭരിക്കുകയുള്ളൂ.

### D. ആരാധനയിൽ സംഗീത ഉപകരണങ്ങൾ

ആരാധനയിൽ സംഗീത ഉപകരണങ്ങളും ഉപയോഗിക്കാം എന്നു ചിന്തിക്കുന്ന ഒരു ചെറിയ കൂട്ടം ആളുകൾ ഉണ്ട്. നമ്മുടെ പൊതുയോഗങ്ങളിൽ ഉപകരണങ്ങൾ ഉപയോഗിക്കാറുണ്ട്. എന്നാൽ ആരാധനയുടെ മദ്ധ്യത്തിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാണ് ഉചിതം.

നമ്മുടെ ആരാധനാ രീതി ഭക്തി നിർഭരമാണ്. കേവലം ഇളക്കപ്പെരുക്കം കൊണ്ടു നിറഞ്ഞ ആരാധനാരീതിയല്ല. ചില സഭാവിഭാഗക്കാർ ചെയ്യുന്നതുപോലെ എഴുന്നേറ്റു നിന്ന് നൃത്തം ചെയ്തോ വലിയ ശബ്ദത്തിൽ ബഹളം വെച്ചോ ഉള്ള ഒരു ആരാധനാരീതിയല്ല നാം തിരുവെഴുത്തിൽനിന്നും ഗ്രഹിച്ചിട്ടുള്ളത്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞ് കർത്താവ് ഏല്പിച്ചു തന്ന കല്പന ആചരിക്കുന്ന സമയമാണ്. കർത്താവിന്റെ ശരീരം നമുക്കുവേണ്ടി തകർക്കപ്പെട്ടത് ഓർമ്മിക്കുമ്പോഴും നമുക്കുവേണ്ടി ചൊരിയപ്പെട്ട രക്തത്തെ ഓർമ്മിപ്പിക്കുന്ന ഓർമ്മയുടെ ശുശ്രൂഷ കൊണ്ടാടുന്ന ഭക്തിനിർഭരമായ സമയത്ത് സംഗീത ഉപകരണങ്ങൾക്ക് എന്ത് പ്രാധാന്യമാണ് ഉള്ളത്. ആ സമയത്ത് സംഗീത ഉപകരണങ്ങളുടെ ശബ്ദംകൂടെ നമ്മുടെ കാതുകളിൽ കേൾക്കാൻ കഴിഞ്ഞാൽ പാട്ടിന്റെ അർത്ഥം മനസ്സിലാക്കി ധ്യാനിച്ചു പാടുന്നതിനു പകരം നമ്മുടെ ചിന്തകൾ പതറി സംഗീത ഉപകരണങ്ങളുടെ ചേർച്ചകൂടെ നമ്മുടെ മനസ്സിൽ കടന്നുകൂടി ക്രൂശിങ്കലേക്കുള്ള നമ്മുടെ ഏകാഗ്രതക്ക് ഭംഗം വരാനേ ഉതകുകയുള്ളൂ. ആരാധനയുടെ അവസാനത്തെ ഗാനം അഥവാ വചനശുശ്രൂഷയ്ക്ക് മുമ്പിലുള്ള ഗാനം സംഗീത ഉപകരങ്ങളോടുകൂടി പാടാവുന്നതാണ്.

എല്ലാനിലയിലും ആരാധനയിൽ പാട്ടുകൾക്ക് വളരെ പ്രാധാന്യമുണ്ട്. സഭകളിൽ പാടുവാൻ കൃപയുള്ളവർ ആ ശുശ്രൂഷകളിൽ നേതൃത്വം വഹിക്കണം. പാട്ട് പാടുവാനും ലീഡ് ചെയ്യുവാനും കഴിവില്ലാത്തവർ പാട്ടുകൾ തുടങ്ങി പാടരുത്. അവർക്ക് താല്പര്യമുള്ള പാട്ടുകളുടെ നമ്പർ പറയാം. പാടുവാൻ കൃപയുള്ളവർ പാട്ടു പാടണം. അല്ലായെങ്കിൽ പാട്ട് ഒരു വശത്തേക്കും രാഗം മറ്റൊരു വശത്തേക്കും താളം അവതാളമായും മാറും.

സമുദായങ്ങളിൽ ആരാധനയ്ക്ക് പാട്ടുകൾക്ക് നേതൃത്വം നൽകി പാടുവാൻ ഓരോ പള്ളികളിലും ക്വയർ ഉണ്ടായിരിക്കും. ഓരോ ആഴ്ചയും പാടുന്ന പാട്ടുകൾ നേരത്തെ തന്നെ നോക്കി പാടി പ്രാക്ടീസ് ചെയ്തിരിക്കും. ആരാധനയ്ക്ക് കൃത്യമായ ഒരുക്കം ആവശ്യമാണ് എന്നതുപോലെ തന്നെ ആരാധനയിൽ നമ്മുടെ പാട്ടുകൾ നന്നാകണമെങ്കിൽ പാട്ടുകൾ പാടി പ്രാക്ടീസ് ചെയ്യുന്ന ഒരുകൂട്ടം യുവതലമുറ സഭകളിൽ ഉണ്ടായിരിക്കണം. ●

# പ്രായോഗിക ക്രിസ്തീയ ജീവിതം –3

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

**വീണ്ടെടുപ്പ് :** വീണ്ടെടുപ്പും കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ നമുക്കു ലഭിച്ചു. നഷ്ടപ്പെട്ടുപോയ ഒന്നിനെ തിരികെ എടുക്കുന്നതാണല്ലോ വീണ്ടെടുപ്പ്. വീണ്ടെടുപ്പ് അത്യാവശ്യമായ സാഹചര്യത്തിൽ അതിന്റെ യഥാർത്ഥ വിലയേക്കാൾ അധികം വില നൽകേണ്ടതായി വരും. ഒരുവനുവേണ്ടി വീണ്ടെടുപ്പു വില നൽകി അവനെ സ്വന്തമാക്കുകയോ സ്വതന്ത്രനാക്കുകയോ ചെയ്യാം. വീണ്ടെടുക്കുന്ന വ്യക്തിയുടെ മേൽ വീണ്ടെടുപ്പുകാരന് അവകാശമുണ്ട്. വീണ്ടെടുക്കുന്നതിനു വില മാത്രമല്ല ചിലപ്പോൾ ശത്രുവിനെ നശിപ്പിക്കേണ്ടതായും വരും. മിസ്രയീമ്യ അടിമത്വത്തിൽ നിന്നും യിസ്രായേലിനെ വീണ്ടെടുത്തപ്പോൾ മിസ്രയീമ്യരുടെ കടിഞ്ഞൂലുകളെ സംഹരിച്ചുകൊണ്ടാണ് വീണ്ടെടുപ്പ് നടത്തിയത്. അതിനാൽ യിസ്രായേല്യരുടെ കടിഞ്ഞൂലൊക്കെയും യഹോവയ്ക്കുള്ളതായിത്തീർന്നു. യിസ്രായേല്യർ വീണ്ടെടുക്കപ്പെട്ട ജനമായി (പുറ. 15:13).

ദൈവം നമ്മെ വീണ്ടെടുത്തിരിക്കുന്നത്, പാപത്തിന്റെയും സാത്താന്റെയും അടിമത്വത്തിൽ നിന്നാകുന്നു. ശത്രുവായ സാത്താനെ ക്രൂശിൽ വെച്ച് തകർത്തുകൊണ്ടാണ് കർത്താവ് നമ്മെ വീണ്ടെടുത്തത്. പാപത്തിന്റെ ശമ്പളം മരണമത്രേ. മനുഷ്യനെ മരണത്തിൽ നിന്നു വീണ്ടെടുപ്പാൻ മനുഷ്യനാൽ അസാദ്ധ്യമാണ്. “സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുപ്പാനോ ദൈവത്തിനു വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴികയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയതാകുന്നു. അത് ഒരുനാളും സാധിക്കയില്ല” (സങ്കീ. 49:7–9). വീണ്ടെടുപ്പു വില നൽകേണ്ടത് ദൈവത്തിനാണ്. ദൈവത്തോട് ക്രയവിക്രയം നടത്തുവാൻ ആർക്ക് സാധിക്കും? ദൈവം ആവശ്യപ്പെടുന്ന വില കൊടുപ്പാൻ മനുഷ്യനു സാധിക്കുന്നതല്ല. മനുഷ്യാവതാരമെടുത്ത ദൈവപുത്രനല്ലാതെ ദൈവം ആവശ്യപ്പെടുന്ന വീണ്ടെടുപ്പുവില നൽകുവാൻ മറ്റാർക്കും കഴിയുന്നതല്ല. ആകയാൽ വ്യർത്ഥവും പിതൃപാരമ്പര്യവുമായ നമ്മുടെ നടപ്പിൽ നിന്നും നമ്മെ വീണ്ടെടുത്തത് പൊന്ന് വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ എന്ന് ദൈവവചനത്തിൽ നാം കാണുന്നു (1 പത്രൊസ് 1:18,19) നമ്മുടെ പാപങ്ങൾക്ക് മോചനം നൽകി നമ്മെ വീണ്ടെടുത്തു. ആത്മീകമായി നാം വീണ്ടെടുക്കപ്പെട്ടവരാണ് (എഫെ. 1:7;കൊലൊ. 1:14). എന്നാൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് കർത്താവിന്റെ വരവിൽ സാധിക്കും (റോമർ. 8:23). നാം വിലയ്ക്കുവാങ്ങപ്പെട്ടവരാകയാൽ താന്താങ്ങൾക്കുള്ളവരല്ല. നമ്മുടെ വീണ്ടെടുപ്പുകാരന്റെ വകയാണ്. ആകയാൽ നമ്മുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം (1 കൊരി. 6:18;19). ദൈവം നമ്മുടെ സൃഷ്ടാവ് എന്ന നിലയിലും വില കൊടുത്തു നമ്മെ വീണ്ടെടുത്തിരിക്കയാലും നാം 2 നിലകളിൽ അവനുള്ളവരായി തീർന്നിരിക്കയാണ്.

ന്യായവിധിയിൽ നിന്നു രക്ഷപെടേണ്ടതിനു ദൈവം നീതീകരിച്ചിരിക്കയാലും ദൈവത്തിനു ശുശ്രൂഷകൾ ചെയ്യേണ്ടതിനു നമ്മെ ശുദ്ധീകരിച്ചിരിക്കയാലും നമ്മെ വിലകൊടുത്തുവാങ്ങി സ്വന്തമാക്കിയതിലൂടെ വീണ്ടെടുത്തിരിക്കയാലും നാം ദൈവേഷ്ടം പ്രവർത്തിക്കുന്നവരായി ജീവിക്കേണ്ടത് ആവശ്യമാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ നാം നീതീകരിക്കപ്പെടുകയും (റോമർ 5:9) ശുദ്ധീകരിക്കപ്പെടുകയും (1 യോഹ 1:7) വീണ്ടെടുക്കപ്പെടുകയും ചെയ്തു (എഫെ. 1:7). നമ്മുടെ ശുദ്ധീകരണത്തിനായി ക്രിസ്തു മരിച്ചു (എബ്രാ. 10:10). നീതീകരണത്തിനായി ഉയിർത്തെഴുന്നേറ്റു (റോമർ 4:24). നമ്മുടെ വീണ്ടെടുപ്പിനായി അവൻ സ്വർഗ്ഗാരോഹണം ചെയ്തു (എബ്രാ. 9:12).

**വീണ്ടും ജനനം :**

ഒരു വിശ്വാസി വീണ്ടും ജനിച്ചവനാണ്. ഏതു മനുഷ്യനും രണ്ടാമതു ജനിക്കണം. അതായത് പുതുതായി ജനിക്കണം. പുതുതായി ജനിച്ചില്ലെങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല (യോഹ. 3:3). ആദ്യത്തെ ജനനം ജഡത്താലുള്ള ജനനമാണ്. പുതുതായി ജനിക്കുന്നത് ആത്മാവിനാലുള്ള ജനനമാണ്. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല (യോഹ. 3:5). വെള്ളത്താലും ആത്മാവിനാലും എന്ന് പറയുന്നത്; വെള്ളത്താൽ അതേ ആത്മാവിനാൽ എന്നു മൂലഭാഷയിൽ ഗ്രഹിക്കാവുന്നതാണ്. (unless a man is born of water and even the spirit, he can not ever enter the kingdom of God - John 3:5 - Amplified Bible) വെള്ളം ആത്മാവിന്റെ നിഴലായി നില്ക്കുന്നു (യോഹ. 7:37–39). വെള്ളത്താലും

# ഞാൻ ആരെ അയക്കേണ്ടു?
# ആർ നമുക്കുവേണ്ടി പോകും? യെശ. 6:8

മാത്യു ഫിലിപ്പ്, തിരുവനന്തപുരം

**ദൈ**വം തന്റെ നിത്യതയുടെ പദ്ധതിക്കായി മനുഷ്യനെ ആവശ്യപ്പെടുന്നതോടൊപ്പം അവരെ സഹായിപ്പാനും ആഗ്രഹിക്കുന്നു. 6 ദിവസത്തെ സൃഷ്ടിയുടെ കേന്ദ്രബിന്ദു തീർച്ചയായും മനുഷ്യൻ തന്നെയാണ്. മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതിനു ശേഷമാണ് ദൈവം സ്വസ്ഥനായിരുന്നത്. മനുഷ്യനില്ലാതെ തനിക്ക് സ്വസ്ഥനായിരിപ്പാൻ സാധിക്കുമായിരുന്നില്ല. മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ വീണു എങ്കിൽത്തന്നെ മനുഷ്യനോടുള്ള ബന്ധത്തിൽ തന്റെ ഉദ്ദേശ്യത്തിൽ മാറ്റം ഉണ്ടായിട്ടില്ല. മനുഷ്യന്റെ രക്ഷ, ആത്മീയ ഉത്സാഹം, ആത്മീയ ജീവിതത്തിലെ പക്വത ഇവയെല്ലാം ദൈവത്തിന് മനുഷ്യനെക്കൊണ്ടുള്ള ആവശ്യത്തിന്റെ നിവർത്തിയാണ്. ദൈവീക പദ്ധതിയുടെ നിവർത്തിക്ക് മനുഷ്യന്റെ സഹകരണം ദൈവത്തിന് ആവശ്യമുണ്ട്. ദൈവത്തോടുകൂടി ചേർന്ന് പ്രവർത്തിക്കുവാനാണ് മനുഷ്യനെ വിളിക്കുന്നത്. എന്നാൽ സൃഷ്ടിയുടെ കാര്യത്തിൽ ദൈവം മാത്രമാണ് പ്രവർത്തിച്ചത്. അതിൽ മനുഷ്യന് ഒരു പങ്കുമില്ല. ഉല്പത്തി മുതൽ വെളിപ്പാടു വരെ പരിശോധിച്ചാൽ ദൈവത്തിന്റെ എല്ലാ പ്രവർത്തനത്തിനും മനുഷ്യനെ താൻ ഉപയോഗിക്കുന്നതായി കാണുവാൻ സാധിക്കും.

---

ആത്മാവിനാലും ജനിക്കുക എന്നത് 2 കാര്യമായിട്ട് എടുത്താലും വചനപ്രകാരം ശരി തന്നെയാണ്. വെള്ളം എന്നത് ദൈവവചനത്തിനും നിഴലായി കാണിച്ചിട്ടുണ്ട് (എഫെ. 5:26). നാം ദൈവവചനത്താൽ വീണ്ടും ജനിച്ചിരിക്കുന്നു (യാക്കോബ്. 1:18; 1 പത്രൊസ് 1:23). വീണ്ടും ജനനം ആത്മാവിനാൽ നടക്കുന്നു. "ജഡത്താൽ ജനിച്ചതു ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം" (യോഹ. 3:6). ഇവിടെ വെള്ളത്തിന്റെ കാര്യം പറയുന്നില്ല. ആകയാൽ ആത്മാവിനാൽ നാം വീണ്ടും ജനിച്ചിരിക്കുന്നു. ശാരീരിക ജനനത്താൽ ലോകത്തിന്റെ പ്രജയാകുന്നതുപോലെ ആത്മീക ജനനത്താൽ സ്വർഗ്ഗത്തിലെ ദൈവകുടുംബത്തിൽ അംഗമായി ത്തീരുന്നു. വീണ്ടും ജനനം ദൈവം ചെയ്യുന്ന പ്രവൃത്തിയാണ്. അത് ഒരിക്കലായി നടക്കുന്നു.

വീണ്ടുംജനനം പ്രാപിച്ച വിശ്വാസി ആ നിലയിൽത്തന്നെ എന്നും ഇരിപ്പാനല്ല. ജനിച്ചു കഴിഞ്ഞാൽ ജീവിതവും ജീവിതത്തിനു വളർച്ചയും ആവശ്യമാണ്. ജനിച്ചുകഴിഞ്ഞാലുടൻ ജീവിതവും ആരംഭിച്ചു തുടങ്ങുകയും അത് ശാരീരിക മരണം വരെയോ കർത്താവിന്റെ വരവുവരെയോ തുടർന്നു കൊണ്ടിരിക്കേണ്ടതുമാണ്. ജനിക്കുന്നതിനു പ്രവർത്തി വേണ്ടയെങ്കിലും ജനിച്ചു കഴിഞ്ഞു പ്രവർത്തിച്ചുകൊണ്ടിരിക്കണം. പ്രവർത്തി കാര്യക്ഷമമുള്ളതാകണമെങ്കിൽ വളർച്ചയും ആരോഗ്യവും ആവശ്യമാണ്. അതിനു ഭക്ഷണമായി ആരംഭത്തിൽ ശിശുവിനുള്ള ആഹാരവും പിന്നീട് കട്ടിയുള്ള ആഹാരവും വ്യായാമവും ആവശ്യമാണ്. അങ്ങനെ പ്രവർത്തികൾ ചെയ്യാൻ പ്രാപ്തരാക്കുന്നു.

ഇതുപോലെ ഒരുവനു വീണ്ടും ജനിക്കുവാൻ പ്രവൃത്തി ആവശ്യമില്ല. അത് ദൈവം ചെയ്യുന്നു. വീണ്ടും ജനിച്ച ആത്മീക ശിശു വളരുകയും ജീവിക്കുകയും പ്രവർത്തിക്കയും വേണം. ആരംഭദശയിൽ വചനമെന്ന മായമില്ലാത്ത പാൽ കുടിക്കണം (1 പത്രൊസ് 2:2). പിന്നെ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ വചനത്തിലെ ഉപദേശങ്ങളും പ്രവചനവിഷയങ്ങളുമായ കട്ടിയായ ആഹാരം കഴിക്കണം (എബ്രാ. 5:12-6:2). ആത്മീയ വളർച്ചക്കാവശ്യമായ വ്യായാമവും ചെയ്യേണ്ടതാകുന്നു. അത് വചനം ധ്യാനിക്കുകയും ഗ്രഹിക്കുന്നവ പ്രായോഗിക ജീവിതത്തിൽ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരേണ്ടതുമാകുന്നു. തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നും ലഭിച്ചതാകകൊണ്ട് അത് ഉപദേശത്തിനും ശാസനത്തിനും ജീവിതത്തിലെ തെറ്റുകളെ തിരുത്തുന്നതിനും നീതികാര്യങ്ങളുടെ പരിശീലനത്തിനും പ്രയോജനപ്പെടുന്നതാണ്. അതിനാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകും (2. തിമൊ. 3:16,17). ആത്മീയ യുദ്ധസേവയിൽ ഏർപ്പെടുക, സൽപ്രവൃത്തികൾ ചെയ്യുക. ഇവ ഇതിൽ പ്രധാനപ്പെട്ടവയാണ്. കൃപയാൽ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടു. അതിനു നാമും നമ്മുടെ പ്രവർത്തികളും കാരണമല്ല. ദൈവത്തിന്റെ ദാനം മാത്രമാണ്. ദൈവം നമ്മെ ക്രിസ്തുയേശുവിൽ സൽപ്രവർത്തികൾക്കായിട്ട് സൃഷ്ടിച്ചിരിക്കുന്നു. അതിനാൽ നാം അതു ചെയ്തു പോരേണ്ടതാകുന്നു (എഫെ. 2:10). നമ്മെ ശുദ്ധീകരിച്ചിരിക്കുന്നതും സൽപ്രവർത്തിക്കു ശുഷ്കാന്തിയുള്ളവരായിരിപ്പാനാണ് (തീത്തോസ് 2:14). അങ്ങനെ വിശ്വാസി സൽപ്രവർത്തികൾ ചെയ്യേണ്ടവനാകുന്നു. (തുടരും).

കർത്താവായ യേശുക്രിസ്തു എപ്പോഴും ഉപയോഗിക്കുന്ന ഒരു പദമാണ് മനുഷ്യപുത്രൻ എന്നത്. മനുഷ്യനിൽക്കൂടി ദൈവം പ്രവർത്തിക്കുന്നു എന്നത് കാണാം. എന്നാൽ നിർഭാഗ്യവശാൽ ദൈവത്തിന്റെ എല്ലാ ആവശ്യങ്ങൾക്കും എല്ലാ മനുഷ്യനെയും ലഭിക്കുന്നില്ല. അതിന് ദൈവവുമായി മനുഷ്യന് ഒരു നിരപ്പ് ലഭിക്കേണ്ടതായിട്ടുണ്ട്. അതിന്റെ നിവർത്തിക്കായിട്ടാണ് ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ തന്റെ വേല നിവർത്തിക്കുന്നതിനായി ലോകത്തിലേക്കയച്ചത്. ദൈവത്തിൽ നിന്നും അകന്ന മനുഷ്യന്റെ പാപത്തിന് പ്രായ്ശ്ചിത്തം വരുത്തിക്കൊണ്ട് യേശുക്രിസ്തു കാൽവറിക്രൂശിൽ ഒരു യാഗവസ്തുവായി സ്വയം അർപ്പിച്ചുകൊണ്ട് ആ വേല നിവർത്തിച്ചു. അതിനുശേഷം യേശുക്രിസ്തു ദൈവരാജ്യത്തിന്റെ നിവർത്തിക്കായി 12 പേരെ അയക്കുന്നു. വീണ്ടും 70 പേരെ (ലൂക്കൊസ് 9:1,2,10:1). അങ്ങനെ ദൈവം തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റേണ്ടതിനായി മനുഷ്യനെ തിരഞ്ഞെടുത്ത് അയക്കുന്നു എന്നു കാണാം. അപ്പോൾ മനുഷ്യനെയാണ് ദൈവം തന്റെ പ്രവർത്തിയുടെ പൂർത്തീകരണത്തിനായി അയക്കുന്നത്. ദൈവം കൂടെയുണ്ട് എന്ന വിശ്വാസത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് പ്രവർത്തിച്ചപ്പോൾ വളരെ ഫലവത്തായ വേലകൾ നടന്നു. അവർ തങ്ങൾക്കായി ഒന്നും കരുതിയില്ല. പക്ഷേ അവരുടെ ആവശ്യങ്ങൾക്ക് ഒരു കുറവും ഉണ്ടായില്ല. അവരുടെ കാൽ കല്ലിൽ തട്ടിയില്ല. തേയ്മാനം സംഭവിച്ചുമില്ല. അവർ വിശ്വാസത്തോടുകൂടി ദൈവരാജ്യത്തിനുവേണ്ടി എന്ന ചിന്തയിൽ പ്രവർത്തിച്ചു. അവർ കുടുംബത്തിനായി കരുതിയില്ല, സഞ്ചിയെടുക്കാത്തതിനാൽ അത് വീർപ്പിക്കണം എന്ന ചിന്തയുണ്ടായില്ല. ആവശ്യമായതൊക്കെ ലഭിച്ചു. കാക്കയെക്കൊണ്ട് ഏലിയാവിനെ പോഷിപ്പിച്ച ദൈവം കൂടെയുണ്ട് എന്നവർ വിശ്വസിച്ചുകൊണ്ട് പ്രവർത്തിച്ചു. അനേകം അത്ഭുതങ്ങൾ ചെയ്യുവാൻ അവർക്ക് സാധിച്ചു. ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്ന് ദൈവം ചോദിക്കുന്നു. ദൈവസന്നിധിയിലേക്ക് അധികം ആളുകൾ കടന്നുവരാത്തത് ദൈവത്തിന് അവരെ രക്ഷിക്കുവാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല. സുവിശേഷം പ്രസംഗിക്കപ്പെടണം എന്ന് തനിക്ക് ആഗ്രഹമില്ലാഞ്ഞിട്ടുമല്ല എന്നാൽ അതിനായി പോകുവാൻ മനുഷ്യൻ ഇല്ലാത്തതുകൊണ്ടാണ്. അനേക വിശ്വാസികളും ദൈവമഹത്വം ഉള്ളവർ എന്ന് അവകാശപ്പെടുന്നു. പല ക്രിസ്ത്യാനികളും തങ്ങളുടെ ലോക സന്തോഷത്തിൽ മുഴുകുന്നു. ചിലർ അവരുടെ കുടുംബങ്ങളുമായി സമയം ചെലവഴിക്കുന്നു. മറ്റു ചിലർ അവരുടെ സ്വയ മോടികളിൽ സമയം കളയുന്നു. ഇവർ എല്ലാവരും അവരവരുടെ സ്വന്ത താല്പര്യങ്ങളിൽ മാത്രം പ്രാധാന്യം കൊടുക്കുന്നു. അവർക്ക് ദൈവവേല ചെയ്യുവാനോ സുവിശേഷം അറിയിക്കുവാനോ സമയം കണ്ടെത്തുവാൻ സാധിക്കുന്നില്ല. അനേകർ ഈ രക്ഷയിലേക്ക് കടന്നു വരാതിരിക്കുന്നത് വിശ്വാസികൾ കർത്താവുമായി സുവിശേഷീകരണത്തിൽ സഹകരിക്കാത്തതുകൊണ്ടാണ്. ദൈവീക കാര്യം നോക്കുവാൻ ആളുകൾ ഇല്ല. എല്ലാവരും സ്വന്തകാര്യം നോക്കുന്നു. നെഹ. 1:3–6 വരെ കാണുന്നത് നെഹമ്യാവ് കരഞ്ഞു പാപങ്ങൾ ഏറ്റു പറഞ്ഞ് പ്രാർത്ഥിച്ച് ശക്തിയോടെ പ്രവർത്തിച്ചു. എല്ലാ ദൈവവിശ്വാസികളും കർത്താവിന്റെ വേലയിൽ സഹകരിച്ചിരുന്നു വെങ്കിൽ അനേകർ കർത്തൃ സന്നിധിയിൽ കാണപ്പെടുമായിരുന്നു. ആർ നമുക്കായി പോകും? ഈ വലിയ ചോദ്യത്തിന്റെ മുൻപിൽ കർത്താവേ അടിയൻ ഇതാ, അടിയനെ അയക്കേണമേ! എന്ന് ഉറക്കെ പറയാം. കർത്താവ് വിളിച്ചത് മുക്കവരെയാണ്. മീൻ പിടിക്കുന്നവരെ മനുഷ്യരെ പിടിക്കുന്നവരാക്കി. നിന്റെ വിദ്യാഭ്യാസം, പണം ഇതൊന്നും കർത്താവിനു വേണ്ട. കർത്താവിന് വേണ്ടിയത് താഴ്മയുള്ള മനോഭാവത്തോടെയുള്ള നിങ്ങളുടെ സമയം, മനസ്സ്. ദൈവം തനിക്കായി പ്രതിപുരുഷന്മാരെ അന്വേഷിക്കുന്നു. വിശ്വാസമുള്ള, മനസ്സുള്ള, ആഗ്രഹമുള്ള ചിലരെയാണ് തേടുന്നത്. സമർപ്പണം ആണാവശ്യം. നിങ്ങൾ എന്റെ സാക്ഷികൾ ആകും. ദൈവത്തിനായി വേർതിരിക്കപ്പെട്ട ഒരു കൂട്ടം ആളുകൾ ഈ സമർപ്പണത്തോടെ കർത്താവേ ഞാൻ ഒന്നുമില്ലാത്തവൻ, ഒഴിഞ്ഞ പാത്രം, എന്നെ അയയ്ക്കേണമേ. ഒരിക്കലും അത്തരത്തിലുള്ളവരുടെ പ്രയത്നം വ്യർത്ഥമാകുകയില്ല. ഞങ്ങളെ മുഴുവനായി അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുന്നു. അവിടുത്തെ ആയുധങ്ങളായി ഉപയോഗിക്കണമേ എന്ന് പ്രാർത്ഥിക്കാം. ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ. ●

*അന്യായമായി സമ്പാദിച്ച പണം കുറഞ്ഞു കുറഞ്ഞു പോകും. അദ്ധ്വാനിച്ചു സമ്പാദിക്കുന്നവനോ വർദ്ധിച്ചു വർദ്ധിച്ചു വരും. സദൃ. 13:11*

സഹോദരിമാരോട്......

# വീട്ടുകാരെച്ചൊല്ലി ഹിമത്തെ പേടിക്കാതിരിക്കണമെങ്കിൽ സദൃ.31:21

മേരിക്കുട്ടി ഏബ്രഹാം, പാറത്തോട്

വേദപുസ്തകത്തിൽ പല കിണറുകളെക്കുറിച്ച് പറയുന്നുണ്ട്. അതിൽ നികത്തികളഞ്ഞ ഒരു കിണറിനെപ്പറ്റി ഉല്പത്തി 26:15ൽ വായിക്കുന്നു. “എന്നാൽ അവന്റെ പിതാവായ അബ്രാഹാമിന്റെ കാലത്ത് അവന്റെ പിതാവിന്റെ ദാസന്മാർ കുഴിച്ചിരുന്ന കിണറൊക്കെയും ഫെലിസ്ത്യർ മണ്ണിട്ടു നികത്തിക്കളഞ്ഞിരുന്നു.'' അബ്രാഹാം ദൈവത്തിന്റെ കല്പനകൾ പൂർണ്ണമായി അനുസരിച്ചു ജീവിച്ചതുകൊണ്ട് അവന്റെ മകനായ യിസ്ഹാക്കിന്റെ വിതയെ ദൈവം നൂറുമേനി വിളവുനൽകി അനുഗ്രഹിച്ചതായി ഉല്പത്തി.26:12ൽ കാണുന്നു. ഏതൊരു വിത്തും വിതച്ചാൽ അതു വിളവു തരണമെങ്കിൽ വെള്ളം വേണം. അബ്രാഹാംപിതാവ് കുഴിച്ച കിണറ്റിലെ വെള്ളം യിസ്ഹാക്കിന്റെ മൃഗങ്ങൾക്കും വിളവുകൾക്കും പരിപൂർണ്ണത നൽകി യിസ്ഹാക്കിനെ മഹാധനികനാക്കി. ഇത് ഫെലിസ്ത്യർക്കിഷ്ടമായില്ല. അതിൽ അസൂയപൂണ്ട ഫെലിസ്ത്യർ ആ കിണറൊക്കെയും മണ്ണിട്ടു നികത്തിക്കളഞ്ഞു. “ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവയാത്തീരും” എന്നു പറഞ്ഞവന്റെ വെള്ളം കുടിച്ചവരാണ് നാം. ഒരുനാളും ദാഹിപ്പിക്കാത്ത വെള്ളം കുടിച്ച് നിത്യജീവൻ അവകാശമാക്കിയ നമ്മെ കണ്ട് അസൂയപൂണ്ട് നമ്മുടെ കിണറുകളെ മണ്ണിട്ടു നികത്തിക്കളയുവാൻ അലറുന്ന സിംഹംപോലെ സാത്താൻ നമ്മോട്, പ്രത്യേകാൽ നമ്മുടെ പിൻതലമുറകളോട് അടുത്തുവന്നതും മണ്ണിട്ടു നികത്തികൊണ്ടിരിക്കുന്നതും നമ്മൾ കണ്ടില്ലെന്നുണ്ടോ? നമ്മുടെ പിതാക്കന്മാർ ആഴത്തിൽ കണ്ടെത്തിയതും അവർ വചനപ്രകാരം അനുവർത്തിച്ചു വന്നതുമായ ഉപദേശങ്ങളിൽ ഇന്നു മായം ചേർക്കുന്നതു കണ്ട് നിഷ്ക്രിയരായി ഇരിക്കുവാൻ നമുക്കു കഴിയുമോ? പണ്ടത്തെ അതിരുകളൊക്കെ മാറ്റിക്കളഞ്ഞില്ലേ? ഇരുളിനേയും വെളിച്ചത്തേയും തമ്മിൽ വേർതിരിച്ചതുപോലെ ഒരു വേർതിരിവ് ഇന്ന് വിശുദ്ധന്മാർക്കുണ്ടോ? നമ്മുടെ പിതാക്കന്മാർ വിലയേറിയതായി കണ്ട പലതിനേയും നിസ്സാരവൽകരിക്കുന്ന അവഗണിക്കുന്ന ഒരു പുതുപുത്തൻ തലമുറയാണിന്നുള്ളത്. ഏതൊരു സമൂഹത്തിന്റെയും ഭദ്രത കുടുംബത്തിലും കുടുംബത്തിന്റെ ഭദ്രത മാതാക്കളിലുമാണ്. ദൈവവചനം പറഞ്ഞു കൊടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്ന അമ്മമാർ കുറഞ്ഞുപോയോ എന്നു സംശയിക്കേണ്ട വിധത്തിലുള്ള വാർത്തകൾ കേൾക്കുന്നില്ലേ? വഷളത്വം നിറഞ്ഞ ഈ ലോകത്തിൽ ജീവിക്കുമ്പോൾ എന്റെ കുഞ്ഞുങ്ങൾ തെറ്റു ചെയ്യുകയില്ല എന്ന മനോഭാവം നമ്മൾ മാറ്റിവയ്ക്കണം. എന്നിട്ട് ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയും ഉള്ള ദൈവഹിതം ഇന്നതെന്നറിഞ്ഞ് മനസ്സു പുതുക്കി രൂപാന്തരപ്പെടുവാൻ നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം. അതിനുവേണ്ടി മത്തായി 26:65ൽ കയ്യാഫാവ് ദു:ഖസൂചകമായി വസ്ത്രം കീറിയതുപോലെയല്ല. ഹൃദയത്തകർച്ചയോടെ ഹൃദയ നുറുക്കത്തോടെ കരയാം. ദൈവം ബാഹ്യപ്രകടനത്തിൽ തൃപ്തനല്ല. അതിലൂടെ നൂറുമേനി പോയിട്ട് 30 മേനി പോലും വിളവു ലഭിക്കില്ല. കാരണം ഇന്ന് നമ്മുടെയിടയിൽ ആത്മീയ പിന്മാറ്റം സംഭവിച്ചിരിക്കുന്നു. അതിനെ ചികിത്സിച്ചു ഭേദമാക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. ആ ദൈവസന്നിധിയിലേയ്ക്ക് നമുക്ക് അനുതാപത്തോടും കണ്ണീരോടും കൂടെച്ചെല്ലാം. കരുണാമയനായ നമ്മുടെ ദൈവത്തിന് അധരാർപ്പണമായ കാളകളേയും കൊണ്ടു ചെല്ലുവാൻ നമ്മുടെ കുഞ്ഞുങ്ങളെ നമുക്കു പ്രേരിപ്പിക്കാം. നമ്മെ രക്ഷിച്ചവനിൽ പാപമില്ല. അവൻ വെളിച്ചമാണ്. അതുകൊണ്ട് നമ്മിലും പാപമാകുന്ന ഇരുട്ടിന്റെ പ്രവൃത്തികൾ ഒട്ടും പാടില്ല. എന്നു മക്കളെ ബോധ്യപ്പെടുത്തുവാൻ മാതാക്കൾക്കു കഴിയണം. അമ്മിഞ്ഞപാലിനോടൊപ്പം ദൈവസ്നേഹം കൂട്ടിച്ചേർത്തു കൊടുത്ത് വിശുദ്ധിയുള്ള ഒരു തലമുറയെ വളർത്തിയെടു ക്കുവാൻ നാം ഉത്സാഹിക്കണം. രക്തസ്രാവമുള്ള സ്ത്രീ ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു സുഖം പ്രാപിച്ചു അത് അവളുടെ വിശ്വാസം. ഒരു മരുന്നിനും സുഖപ്പെടുത്താനാവാത്ത “രക്തസ്രാവം” ഉള്ള പലരും ഇന്ന് വിശ്വാസ സമൂഹത്തെ മലീമസമാക്കുന്നു. ആ സ്ത്രീയുടെ അഗാധമായ വിശ്വാസം അവളെ സുഖപ്പെടുത്തിയതുപോലെ, അമ്മമാരേ! നമ്മുടെ ആഴമേറിയ വിശ്വാസത്തോടെയുള്ള പ്രാർത്ഥന നമ്മുടെ കുഞ്ഞുങ്ങളെ മണ്ണിട്ടു നികത്താതിരിക്കുവാൻ സഹായിക്കില്ലേ? നമ്മുടെ കുഞ്ഞുങ്ങൾ വെറും കല്പാത്രങ്ങളായി അഴുക്കു പുരണ്ട്, വാർത്താ

ശേഷം 9-ാം പേജിൽ

# വിശ്വാസിയും രോഗവും

റ്റി. പി. കനകരാജ്, ബാലരാമപുരം

വിജയത്തിന്റെ ഉയരങ്ങളിൽ വിരാജിക്കുന്ന മനുഷ്യനെ പരാജിതനാക്കി നിസ്സഹായവസ്ഥയിൽ എത്തിക്കുന്ന ജീവിത പ്രതിബന്ധങ്ങളിൽ ഒന്നാണ് രോഗം. 2000മാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നുള്ള മുദ്രവാക്യം മിക്കവാറും ആളുകൾ കേട്ടിട്ടുള്ളതാണ്. എന്നാൽ സംഭവിച്ചത് മറിച്ചായിരുന്നു. ആരോഗ്യമേഖലയെ വെല്ലു വിളിച്ച് കൊണ്ട് ഒരുപാട് രോഗങ്ങൾ ഈ കാലനിർണ്ണയത്തിന് ശേഷം രംഗപ്രവേശനം ചെയ്തു. കേവലം പനിയുടെ കാര്യം തന്നെ നോക്കുക പക്ഷിപ്പനി, തക്കാളിപ്പനി, പന്നിപ്പനി, ജപ്പാൻപനി, ചിക്കുൻഗുനിയ ഇങ്ങനെ നിരവധി പ്രതിവിധിയില്ലാത്ത മാരക രോഗങ്ങൾ വേറെയും! ധനത്തിന്റെ വലിയോരു പങ്ക് രോഗ ചികിത്സയ്ക്കായി വേർതിരിക്കുന്നു. ഈ പരിതാപവസ്ഥയിൽ മനുഷ്യന്റെ ഉള്ളിൽ ഉയരുന്ന ചോദ്യമാണ് എന്തുകൊണ്ട് മനുഷ്യൻ രോഗിയായിത്തീരുന്നു? വൈദ്യശാസ്ത്രത്തിന് പറവാൻ കാരണങ്ങൾ പലതുമുണ്ടാകാം. നമുക്ക് തിരുവെഴുത്തിലേക്ക് തിരിയാം. എനിക്ക് ദീനം എന്നു യാതൊരു നിവാസിയും പറകയില്ലാ അതിൽ പാർക്കുന്ന ജനത്തിന്റെ "അകൃത്യം" മോചിക്കപ്പെട്ടിരിക്കും (യെശ.33:24). അകൃത്യം (പാപം) മോചിക്കപ്പെട്ടതിനാലാണ് ദീനമില്ലാത്തത് എന്നാണ് ഈ വാക്യത്തിൽ നിന്നും വ്യക്തമാകുന്നത്. ആകയാൽ രോഗത്തിന് പാപമാണ് ഹേതു (ഉല്പത്തി.3:16-17; റോമർ.3:23). പാപത്തിന്റെ പരിണത ഫലങ്ങളിൽ ഒന്നാണ് രോഗം.

**1. വിശ്വാസിയുടെ രോഗ കാരണങ്ങൾ**

രോഗത്തിൽ വിശ്വാസി എന്നും അവിശ്വാസി എന്നും വ്യത്യാസമില്ല. ദൈവഭക്തരായ നിരവധി വിശ്വാസികൾ രോഗികളായിരുന്നതായി തിരുവെഴുത്തിൽ രേഖയുണ്ട്. അപ്പൊസ്തലനായ പൗലൊസ് ശരീരസംബന്ധമായ പരിക്ഷ ശരിക്കുമനുഭവിച്ച ആളായിരുന്നു. തന്റെ ജഡത്തിലെ ശൂലം അവസാനംവരെ ഉണ്ടായിരുന്നു. എപ്പാഫ്രാദിത്തോസിന്റെ രോഗം എന്തായിരുന്നുവെന്ന് നമുക്കറിയില്ല എന്നാൽ അവൻ ദീനം പിടിച്ച് മരിപ്പാറായിരുന്നു സത്യം (ഫിലി.2:26-30). തിമൊഥെയൊസ് ഉദര സംബന്ധമായ അസുഖത്താൽ വളരെ അസ്വസ്ഥനായിരുന്നു (1തിമൊ.5:23). ത്രൊഫിമൊസ് ഒരു രോഗിയായിരുന്നു (2 തിമൊ.4:20). ഇവരൊക്കെ രോഗികളായി തുടരുവാനുള്ള കാരണം നമുക്കറിയില്ലാ. വിശ്വാസിയുടെ രോഗത്തിന് പല കാരണങ്ങളാണുള്ളത്. ഒന്നു പ്രകൃതിദത്തമായതാണ് അഥവാ പ്രകൃതിയോട് പൊരുത്തപ്പെടാത്ത പെരുമാറ്റങ്ങളും പിന്നെ അമിത അദ്ധ്വാനം, ഉറക്കിളപ്പ്, ഭക്ഷണത്തിലെ ക്രമക്കേടുകൾ, ആവലാധി (ചിന്താഭാരം) എന്നീ ശാരീരിക നിയമ ലംഘനങ്ങളും ഇവയൊക്കെ ക്രമേണ രോഗത്തിലേക്ക് കൊണ്ടെത്തിക്കും. മറ്റൊന്ന് ദൈവം അനുവദിച്ചിട്ട് വരുന്നതാണ് ഇതിനെ ദൈവത്തിന്റെ ഇടപെടൽ എന്ന് പറയാം. കരുതലോടുകൂടിയ ദൈവ ഉദ്ദേശ്യം ഇതിന്റെ പിമ്പിലുണ്ടായിരിക്കും. പിറവിയിലെ കുരുടനായ മനുഷ്യൻ അങ്ങനെ പിറക്കുവാൻ കാരണം എന്തെന്ന് ശിഷ്യന്മാർ ആരാഞ്ഞപ്പോൾ കർത്താവിന്റെ ഉത്തരം "ദൈവത്തിന്റെ പ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ" എന്നായിരുന്നു. (യോഹ. 9:1-3). കർത്താവിന്റെ പ്രീയനായ ലാസറിന്റെ ദീനത്തെക്കുറിച്ചും ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന് എന്നത്രേ പറഞ്ഞിരിക്കുന്നതു. (യോഹ.11:4). വിശ്വാസിയുടെ രോഗത്തിൽ ദൈവ പ്രവൃത്തിയുടെ അളവറ്റ ശക്തിയും, ദൈവ മഹിമയും വെളിപ്പെട്ടിട്ടുണ്ട്. കൂടാതെ ദൈവ കരുതലിന്റെ കരസ്പർശനം രുചിച്ചറിഞ്ഞു "അവൻ നല്ലവനല്ലോ" എന്ന് പറയാനിടയാകും. രോഗപീഡയുടെ പാലം കടന്ന ഭക്തശിരോമണി ഇയ്യോബ് പറയുന്നത് നോക്കുക. ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. "ഇപ്പോഴോ" എന്റെ കണ്ണാൽ നിന്നെ കാണുന്നു. രോഗശയ്യയിൽ താൻ ദൈവത്തെ കണ്ടുവെന്ന് സാരം; വിശ്വാസിയുടെ രോഗത്തിന് വേറൊരു കാരണം പാപം തന്നെയാണ്. അയോഗ്യമായി അപ്പം തിന്നുന്നതിലൂടെ ബലഹീനരാകുന്നു. രോഗികളാകുന്നു എന്ന് പൗലൊസ് പറയുന്നു (1 കൊരി.11:27-30). ഇതിന്റെ വെളിച്ചത്തിൽ ചിലരുടെ രോഗങ്ങൾ അവരുടെ പാപജീവിതം മൂലമായിട്ടുള്ളതാണ് എന്ന് മനസിലാക്കാം. അപ്പോൾ തന്നെ ഒരു വിശ്വാസി കഷ്ടം, നഷ്ടം, ആപത്ത്, അപകടം എന്നീ ദുരിതങ്ങളിലകപ്പെടുമ്പോഴും, രോഗിയായി വലയുമ്പോഴും അയോഗ്യമായി അപ്പം തിന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് പറയുവാൻ നാം തുനിയരുത്. സംശയ വിചാരങ്ങളെ വിധിക്കരുത്. കാരണം പ്രസ്തുത കാരണത്താൽ മാത്രമല്ല രോഗം വരുന്നത് എന്ന് മുമ്പേ പറഞ്ഞുവല്ലോ. എങ്കിലും രോഗിയാകുന്ന വിശ്വാസി താൻ സ്വയം പരിശോധിക്കണം. തന്റെ തെറ്റുകളെ ഗ്രഹിക്കണം വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കണം. ദൈവാത്മാവ് ബോദ്ധ്യപ്പെടുത്തുന്ന

കുറവുകൾ കണ്ടുണർന്ന് അനുതപിച്ച് ദൈവ ത്തോട് നിരപ്പു പ്രാപിക്കണം.

**2. രോഗത്തിൽ സഹവിശ്വാസികളുടെ സമീപനം**

സന്തോഷിക്കുന്നവരോടുകൂടെ സന്തോഷി ക്കുവിൻ കരയുന്നവരോടുകൂടെ കരകയും ചെയ്‌വിൻ (റോമർ 12:15). അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവ യവങ്ങൾ ഒക്കെയുംകൂടെ കഷ്ടം അനുഭവിക്കുന്നു (1 കൊരി.12:26). ഇതാണ് നമ്മുടെ പ്രമാണം എന്റെ ശരീരസംബന്ധമായി നിങ്ങൾക്കുണ്ടായ പരീക്ഷ നിമിത്തം നിങ്ങൾ നിന്ദയോ, വെറുപ്പോ കാണി ക്കാതെ ദൈവദൂതനെപ്പോലെ, ക്രിസ്തുയേശു വിനെപ്പോലെ എന്നെ കൈക്കൊള്ളുകയത്രേ ചെയ്തതു (ഗലാ.4:14). ഗലാത്യ വിശ്വാസികളുടെ ഈ പ്രവൃത്തി അനുകരണീയമായ സമീപനം തന്നെ. ദൈവ ഭക്തനായ ഇയ്യോബിന്റെ അനർത്ഥ മൊക്കെയും കേട്ട സ്നേഹിതന്മാരുടെ പ്രതികരണ ത്തിൽ നിന്നും നാം തള്ളേണ്ടതും, കൊള്ളേണ്ട തുമായ ചില പാഠങ്ങൾ ഉണ്ട് (ഇയ്യോബ് 2:11-13) അവയിൽ ഒന്നാമത്തേത് അനർത്ഥത്തെക്കുറിച്ച് ‘‘കേട്ടപ്പോൾ’’... ‘‘പുറപ്പെട്ട്’’ എന്നുള്ളതാണ്. ഇതൊരു നല്ല സമീപനമായിരുന്നു. കേട്ടറിഞ്ഞ പ്പോൾ അവർ മൗനം പൂണ്ടിരുന്നില്ല. ഇരിപ്പാൻ അവർക്ക് കഴിഞ്ഞില്ല. എഴുന്നേറ്റ് ഇയ്യോബിന്റെ അടുക്കലോളം ചെന്നു. വിശ്വാസികളുടെ സങ്കട ത്തിൽ അവരെ അവർ ആയിരിക്കുന്നിടത്ത് ചെന്നു കാണണം എന്നാണ് ദൈവവചനം (യാക്കോബ് 2:27). ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു (മത്തായി 25:36). നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ കഷ്ടമനു ഭവിക്കുന്നവരെ ഓർത്തുകൊൾവിൻ (എബ്രാ.13:2). എന്നീ വാക്യങ്ങളിൽ നിന്നും നമുക്ക് ഉൾകൊള്ളു വാനുള്ള പ്രായോഗിക പാഠങ്ങളുമുണ്ട്. രണ്ടാമ തായി അവർ ചെന്നത് അവനോട് സഹതപിപ്പാനും, അവനെ ആശ്വസിപ്പിപ്പാനുമായിരുന്നു. ഇയ്യോ ബിനെ തിരിച്ചറിയുവാൻ കഴിയാത്ത വിധം രോഗത്താൽ വികൃതനായിരുന്ന സ്ഥിതിയിലാണ് സ്നേഹിതന്മാർ അവനെ കണ്ടതു. സഹതാപ ചിത്തത്തോടെ ഒരു വാക്കും മിണ്ടുവാൻ കഴിയാതെ തന്നോടൊപ്പമിരുന്ന് ദു:ഖത്തിൽ പങ്ക് ചേർന്നു. മൗനഭാഷണത്തിന്റെ ആശ്വസിപ്പിക്കലായിരുന്നു അത്. എന്നാൽ പിന്നീടവർ ഓരോരുത്തരായി സംസാരിക്കുവാൻ തുടങ്ങി. അവരുടെ മനോഭാവം മാറി! തേമാന്യനായ എലീഫാസ് പറയുകയാണ് “ഓർത്തു നോക്കുക. നിർദോഷിയായി നശിച്ചവൻ ആർ? നേരുള്ളവൻ എവിടെ മുടിഞ്ഞുപോയിട്ടു ള്ളൂ? ഞാൻ കണ്ടിടത്തോളം അന്യായം ഉഴുതു കഷ്ടത വിതയ്ക്കുന്നവൻ അതുതന്നെ കൊയ്യു ന്നു?” ഇയ്യോബിന്റെ അനർത്ഥമൊക്കെയും തന്റെ പ്രവൃത്തിയുടെ ഫലമെന്നാണ് എലീഫസി ന്റെ തത്വശാസ്ത്രം! ആശ്വസിപ്പിപ്പാൻ ചെന്നവരുടെ മുള്ളുവെച്ചുള്ള ഉള്ളു കുത്തുന്ന വാക്കുകൾ ഇയ്യോബിന്റെ വേദന ഇരട്ടിക്കുവാൻ ഇടയായി! നിങ്ങൾ എല്ലാവരും വ്യസനിപ്പിക്കുന്ന ആശ്വാസ കന്മാർ എന്നു താൻ പറയുമാറു അവരുടെ വാക്കു കൾ അതിരുവിട്ടുപോയി. ഇങ്ങനെ ഇന്നും തെറ്റിദ്ധാരണയിൽ നിന്നുള്ള പ്രതികരണങ്ങൾ എത്രയെത്ര. എരിയുന്ന തീയിൽ എണ്ണയൊഴി ക്കുന്ന രീതി വിശ്വാസികൾ വിടണം. രോഗിയെ സന്ദർശിക്കേണ്ടതും ആശ്വസിപ്പിച്ച് പ്രാർത്ഥിക്കേ ണ്ടതും, ആവശ്യമെങ്കിൽ സാമ്പ ത്തിക സഹായം നൽകേണ്ടതും സഹവിശ്വാസി കളുടെ കടമയാണ്. അതു സദുദ്ദേശ്യത്തോട് കൂടിയായിരിക്കുയും വേണം. ‘‘നിനക്ക് വന്നാൽ എനിക്കെന്തു’’ എന്നുള്ള മനോഭാവത്തിന് മാറ്റം വരണം. അനു ഗ്രഹീത ദൈവദാസൻ പി.വി. തൊമ്മി ഉപദേശി തന്റെ ശുശ്രൂഷാ മണ്ഡലത്തിൽ ജ്വലിച്ച് നിന്ന കാലഘട്ടത്തിൽ കേരളത്തിൽ പകർച്ചപ്പനി, മസൂരി, കോളറ മുതലായ കഠിന രോഗങ്ങൾ ബാധിച്ച് വിശ്വാസികളടക്കം ആളുകൾ മരണ ഭീതിയിൽ തുടരവേ പ്രാണന് തുല്യം ദൈവ മക്കളെ സ്നേഹിച്ചിരുന്ന ഉപദേശി അവരുടെ വീടുകൾ സന്ദർശിച്ച്, ആശ്വസിപ്പിച്ച്, അവർക്ക് വേണ്ടി പ്രാർത്ഥിച്ച്പോന്നു. ഒടുവിൽ താനും കോളറ രോഗത്തിന്റെ പിടിയിലായി എന്ന് കേട്ടി ട്ടുണ്ട്. ഈ സഹാനുഭൂതിയും, മാതൃഹൃദയവും, നിരുപാധിക സ്നേഹവുമാണ് നമുക്കു വേണ്ടതു. ദൈവത്തിന് പ്രസാദകരമായ ഈ സൽപ്രവൃത്തി നമുക്കനുകരിക്കാം.

**3. വിശ്വാസിക്ക് രോഗ ശമനം എങ്ങനെ?**

സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. എന്ന യെശ. 53:4-ാം വാക്യം ഉദ്ധരിച്ച് കൊണ്ട് യേശുക്രിസ്തുവിന്റെ ക്രൂശുമരണം വിശ്വസി ക്കുന്നവരുടെ രോഗശാന്തിക്കും കൂടിയാണ് എന്നൊരു ഉപദേശം സ്ഥാപിക്കുവാൻ ചിലർ ശ്രമിക്കുന്നു. എന്നാൽ സത്യം അങ്ങനെയല്ലാ. യേശു ക്രിസ്തുവിന്റെ ശുശ്രൂഷാ വേളയിൽ നടന്ന അത്ഭുത പ്രവൃത്തിയിലൂടെ പ്രസ്തുത പ്രവചന വചനം നിവൃത്തിയായി എന്നു മത്തായിയുടെ

സുവിശേഷത്തിൽ കാണാം. പല ഭൂതഗ്രസ്ത രെയും അവന്റെ അടുക്കൽ കൊണ്ടു വന്നു. അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി സകല ദീനകാർക്കും സൗഖ്യം വരുത്തി അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നെ. (മത്തായി 8:16). ഇങ്ങനെ നിവൃത്തിയായ വചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതു കുറ്റകരമാണ്. മാത്രമല്ലാ നമ്മുടെ രോഗം നിമിത്തമല്ലാ പാപം നിമിത്തമാണ് കർത്താവ് ക്രൂശിക്കപ്പെട്ടതു എന്ന് യെശ. 53:5-6 വാക്യങ്ങൾ ഉദ്ധരിച്ച് കൊണ്ട് അപ്പൊസ്തലനായ പത്രൊസും പറയുന്നു. 1പത്രൊസ് 2:24 ക്രൂശുമരണത്തിൽ രോഗശാന്തിയുംകൂടി ഉൾപ്പെട്ടിരുന്നുവെങ്കിൽ രക്ഷിക്കപ്പെടുമ്പോൾ വിശ്വാസിയുടെ സകല പാപവും മോചിക്കപ്പെടുന്ന കൂട്ടത്തിൽ സകല രോഗവും കൂടി മാറേണ്ടതായിരുന്നു. എന്നാൽ അങ്ങനെ സംഭവിക്കുന്നില്ലല്ലൊ. വിശ്വാസിക്ക് എങ്ങനെയാണ് രോഗശമനം ഉണ്ടാകുന്നത് എന്നു പരിശോധിക്കാം.

**1. ചികിൽസയിലൂടെ** : ചികിൽസിക്കുന്നത് തെറ്റാണെന്നും അത് അവിശ്വാസംകൊണ്ടാണെന്നും ചിലർക്ക് ധാരണയുണ്ട്. വേദപുസ്തകത്തിൽ ചികിത്സിക്കുവാൻ പറഞ്ഞിട്ടുണ്ടോ? എന്നു ഒരിക്കൽ ഒരാൾ എന്നോട് ചോദിച്ചു. ഞാൻ മറുപടിയായി പുറ.21:19 കാണിച്ച് കൊടുത്തു.... അവനെ നല്ലവണ്ണം ചികിൽസിപ്പിക്കേണം മാത്രമല്ലാ യെശ.38:21, മർക്കൊസ് 2:17, 1 തിമൊ.5:23, മുതലായ വാക്യങ്ങളും പ്രസ്തുത ആശയത്തിന് പിൻബലമാണ്. ആകയാൽ രോഗത്തിന് തക്കതായ ചികിൽസ ചെയ്യുന്നത് തെറ്റല്ലാ. എന്നാൽ ഒരിക്കലും ഒരു ഡോക്ടറിലോ, വൈദ്യനിലോ മരുന്നിലോ ആശ്രയിക്കരുത്. സൗഖ്യമാക്കുന്ന യഹോവയിൽ മാത്രം ആശ്രയിക്കുക. അവിടുന്നാണ് നമുക്ക് ചികിൽസയെ ഫലവത്താക്കി തീർക്കുന്നതു. ചികിൽസ ഒരു നിമിത്തം മാത്രം.

**2. പ്രാർത്ഥനയാൽ** : യാക്കോബ് 5:13-16 വരെയുള്ള വാക്യങ്ങളിൽ രോഗശാന്തിക്കായി പ്രാർത്ഥിക്കണമെന്നും, അതിനുള്ള വ്യവസ്ഥകളെ കുറിച്ചും പറയുന്നു. അതിലൊന്ന് ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തി പ്രാർത്ഥിപ്പിക്കണം എന്നതാണ്. ഓരോ സ്ഥലം സഭയോടും ബന്ധപ്പെട്ട പ്രമാണമാണിതു. ഒരു വിശ്വാസി വോറൊരു സഭയിലെ മൂപ്പന്മാരെയല്ലാ വിളിക്കേണ്ടതു. അതുപോലെ മൂപ്പനെയല്ലാ മൂപ്പന്മാരെയാണ് വിളിക്കേണ്ടതു രോഗിയെ കൊണ്ടുചെന്ന് പ്രാർത്ഥിക്കുകയല്ല രോഗിയുടെ അടുക്കൽ വന്നാണ് പ്രാർത്ഥിക്കേണ്ടതു. അവർ വന്നു എണ്ണപൂശി പ്രാർത്ഥിക്കണം എന്ന് അവിടെ പറഞ്ഞിരിക്കുന്നത് ചിലർ ചെയ്യുന്നതുപോലെ എണ്ണ കുടിപ്പിക്കുന്ന കാര്യവുമല്ലാ പ്രത്യുത ചികിൽസിച്ച് പ്രാർത്ഥിക്കുക എന്ന അർത്ഥമാണുള്ളത്. (എണ്ണ ഒരു ഔഷധമാണ്) യെശ.1:6, ലൂക്കൊസ് 10:34, മർക്കൊസ് 6:12-13 ഇവിടെ സൗഖ്യം വരുത്തുന്നത് എണ്ണയല്ലാ വിശ്വാസത്തോട്കൂടിയ പ്രാർത്ഥനയാണ്. സ്വാഭാവിക രോഗമാണെങ്കിൽ അഥവാ ദൈവം പ്രത്യേക ഉദ്ദേശ്യത്തിൽ നൽകാത്തതാണെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ സൗഖ്യം ഉണ്ടാകും. മൂപ്പന്മാർ രോഗിയുടെ അടുക്കൽ വന്ന് തമ്മിൽ തമ്മിൽ പാപങ്ങൾ ഏറ്റ് പറഞ്ഞു ഒരുവന് വേണ്ടി ഒരുവൻ പ്രാർത്ഥിക്കണം എന്നതാണ് അവിടെ പറയുന്ന മറ്റൊരു കാര്യം. സഭയിലെ വിശ്വാസികൾ തമ്മിലോ, വിശ്വാസികളും മൂപ്പന്മാരും തമ്മിലോ അനൈക്യമോ മറ്റ് വല്ല പ്രശ്നം കൊണ്ടോ തമ്മിലുള്ള പാപം നിമിത്തമോ മറ്റുമാകാം ഈ രോഗമുണ്ടായതു. പാപത്താലുള്ള രോഗം ഇവിടെ പറയും പ്രകാരം പാപം ഏറ്റ് പറയുമ്പോൾ ദൈവം ക്ഷമിക്കുന്നു. രോഗിക്ക് സൗഖ്യവും വരുന്നു എന്നാണ് ഇവിടെ കാണുന്നതു. ഇതുപോലെ രോഗികളായ വിശ്വാസികൾക്ക് വേണ്ടി അതാതു സ്ഥലം സഭയിലെ വിശ്വാസികൾ ഒരുമിച്ച് കൂടി കണ്ണുനീരോടെ, ശ്രദ്ധയോടെ ഒരുമനപ്പെട്ട് പ്രാർത്ഥിക്കണം അതു വലിയ ആശ്വാസമാണ്, ശക്തിയാണ്.

എങ്കിലും ദൈവം പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ചിലർക്ക് അനുവദിച്ചിട്ടുള്ള ചില രോഗങ്ങൾ ഒരിക്കലും മാറാതെ മരണം വരെ തുടരും എന്ന് തിരുവെഴുത്തു പഠിപ്പിക്കുന്നു. അപ്പൊസ്തലനായ പൗലൊസിന്റെ ശരീര സംബന്ധമായ ശൂലം (ദീനം) നീങ്ങിയില്ലാ. നീങ്ങുവാൻ വേണ്ടി പ്രാർത്ഥിച്ചുവെങ്കിലും ''എന്റെ കൃപ നിനക്കു മതി'' എന്നുള്ള ഉത്തരമാണ് കിട്ടിയതു. രോഗിയുടെ നന്മയ്ക്കും ദൈവനാമ മഹത്വത്തിനുമായി ചിലർക്ക് മരണംവരെ രോഗം അനുവദിച്ചിട്ടുണ്ട്. അതു ദൈവമക്കൾ സന്തോഷത്തോടെ സ്വീകരിക്കുന്നു. അടുത്ത സമയത്തുണ്ടായ പത്രവാർത്ത : ദീർഘനാൾ രോഗിയായിരുന്ന ഒരാൾ വിദഗ്ദ പരിശോധനയിലൂടെ താൻ ഒരു രക്താർബുദ രോഗിയെന്ന് മനസിലായി. ഹൃദയം തകർന്ന ആ മനുഷ്യൻ ആത്മഹത്യ ചെയ്തു. എന്നാൽ പ്രീയരേ, ഈ വിധമുള്ള രോഗവും പേറി, വേദനയും സഹിച്ച്,

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.108 ഉത്തരം

**വിഷയം** : **'വിശുദ്ധന്മാർക്കു ലഭിക്കാൻ പോകുന്ന അതിശ്രേഷ്ഠ പദവികൾ'**
**വായനഭാഗം** : 1 കോരി. 15, മത്താ. 13,5,18, വെളി 3, ലൂക്കോ.22, 1 കൊരി. 6, ദാനി. 7, വെളി. 22.
**ചോദ്യം**

1 (a). കർത്താവിന്റെ വീണ്ടുംവരവിൽ വിശുദ്ധന്മാർ ഉയിർക്കുന്നത് എങ്ങനെയുള്ള ശരീരത്തിൽ?
ഒ.വാ : 1 കൊരി. 15:43. കർത്താവിന്റെ വീണ്ടും വരവിൽ വിശുദ്ധന്മാർ തേജസ്സിൽ ഉയിർക്കുന്നു. 1. കൊരി 15:52,53. നാം എല്ലാവരും രൂപാന്തരപ്പെടും; മരിച്ചവർ അക്ഷമരായി ഉയിർക്കും

(b). നീതിമാന്മാർ (വിശുദ്ധന്മാർ)പിതാവിന്റെ രാജ്യത്തിൽ ഏതുപോലെ പ്രകാശിക്കും? ആരു പറഞ്ഞു ?
ഒ.വാ : മത്താ. 13:43 അന്ന് നീതിമാന്മാർ (ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ) പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. യേശുക്രിസ്തു പറഞ്ഞു;

II (a) ദൈവകല്പനകളെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ എങ്ങനെ വിളിക്കപ്പെടും ?
ഉത്തരം : മത്താ. 5:19. ദൈവകല്പനകളെ **ആചരിക്കുകയും** പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും

(b) സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആര് ?
ഒ.വാ. : മത്താ. 18:4 ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു.

III (a) കർത്താവ് ഭൂമിയിൽ വന്ന് മരണത്തെ (സാത്താനെ) ജയിച്ച് പിതാവിന്റെ സന്നിധിയിൽ ചെന്നപ്പോൾ പിതാവ് തന്നെ ആദരിച്ചത് എങ്ങനെ ?
ഒ.വാ : വെളിപ്പാട് 3:21 പിതാവ് കർത്താവിനെ തന്നോടുകൂടെ തന്റെ സിംഹാസനത്തിൽ ഇരുത്തി.

(b) നാം ഒരു ജയജീവിതം ചെയ്ത് ദൈവത്തിന്റെ സന്നിധിയിൽ ചെല്ലുമ്പോൾ കർത്താവ് നമ്മെ (അനുമോദിച്ച്) ഇരുത്തുന്നത് എവിടെ? ആരോടുകൂടെ ?
വെളിപ്പാട് 3:21 നാം ഒരു ജയജീവിതം നയിച്ച് നമ്മുടെ കർത്താവിന്റെ സന്നിധിയിൽ ചെല്ലുമ്പോൾ കർത്താവ് നമ്മെ തന്നോടുകൂടെ തന്റെ സിംഹാസനത്തിൽ ഇരുത്തും. സ്തോത്രം!

IV (a) കർത്താവ് ഭൂമിയിൽ ആയിരം ആണ്ട് (സഹസ്രാബ്ദം) വാഴുമ്പോൾ നാം എവിടെ ഇരുന്ന് ആരെ എല്ലാം (മൂന്നു കൂട്ടരെ) ന്യായം വിധിക്കും ? (
ഒ.വാ : (1)ലൂക്കൊസ് 22:30 (**12 ശിഷ്യന്മാർ മാത്രം**. മത്തായി 19:28 കാണുക). എന്നെ അനുഗമിക്കുന്ന നിങ്ങൾ പുനർജീവനത്തിൽ മനുഷ്യപുത്രൻ തേജസിന്റെ സിംഹാസത്തിൽ ഇരിക്കുമ്പോൾ നിങ്ങളും 12 സിംഹാസനങ്ങളിൽ ഇരുന്ന് യിസ്രയേൽ ഗോത്രം 12 നെയും ന്യായം വിധിക്കും.

---

ദൈവത്തിന് സ്തോത്രവും പാടി വർഷങ്ങളായി ജീവിക്കുന്ന ദൈവമക്കൾ ഉണ്ട്! ഇതാണ് വിശ്വാസിക്കും അവിശ്വാസിക്കും തമ്മിലുള്ള വ്യത്യാസം. രോഗത്തിൽ സഹിക്കുവാൻ, സന്തോഷിക്കുവാൻ പ്രശംസിക്കുവാൻ ദൈവം തന്റെ മക്കൾക്ക് ധാരാളം കൃപ നൽകുന്നു. അതു മതി. കൃപയില്ലാത്ത രോഗവിമുക്ത ജീവതത്തേക്കാളും ദൈവകൃപയോടുകൂടിയ രോഗം പേറിയ ജീവിതമല്ലേ നല്ലതു കൃപയില്ലേലും സാരമില്ലാ ഈ രോഗം ഒന്ന് മാറിയാൽ മതി എന്നുള്ളതാണ് നമ്മുടെ ആഗ്രഹം. ഇതു വായിക്കുന്ന നിങ്ങൾ വേദനയുടെ കൈയ്പ്പുനീർ കുടിക്കുന്നുണ്ടാകാം. കർത്താവിൽ ധൈര്യപ്പെടുക. രോഗം ശീലിച്ചവനായ കർത്താവ് രോഗകിടക്കയിൽ നല്ല സഖിയാണ്, സഹായകനാണ്. രാക്കാലഗീതമാണ്. അവിടുന്ന് നമ്മോടു കൂടെയുണ്ട് ആ ദിവ്യസാന്നിദ്ധ്യം അനുഭവിച്ചറിയണം. വിശ്വാസിക്ക് സമ്പൂർണ രോഗശാന്തി ഉണ്ടാകുന്നതു നമ്മുടെ കർത്താവ് വരുമ്പോഴാണ്. നമ്മുടെ താഴ്ചയുള്ള ബലഹീന ശരീരം തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമാകും പിന്നീട് എനിക്ക് ദീനം എന്ന് ആരും പറകയില്ലാ. അതുവരെ ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കാം.

ജഡത്തിലെ ശൂലം മാറാതാം ദൈവ
ജനത്തിന് ശോധന തീരാതാം
ബലം തരും സഹിക്കാൻ കൃപ തരുമതിനാൽ
ബലഹീനതയിൽ പുകഴും ഞാൻ (MEC) ●

2. 1 കൊരി 6 :2 വിശുദ്ധന്മാർ ലോകത്തെ വിധിക്കും

3. 1 കൊരി. 6:3 നാം (വിശുദ്ധന്മാർ) ദൂതന്മാരെവിധിക്കും

V കർത്താവിന്റെ നാമം നിമിത്തം നിങ്ങളെ ഉപദ്രവിക്കുകയും എല്ലാ തിന്മയും **കളവായി** പറകയും ചെയ്യുമ്പോൾ സന്തോഷിക്കാം. കാരണം എന്ത് ?

ഒ.വാ മത്താ. 5:11-12. യേശു കർത്താവ് പറയുന്നു; എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും **കളവായി** പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ.

VI രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും ആർക്ക് (എങ്ങനെയുള്ളവർക്ക്) കിട്ടും?

ഒ.വാ.: ദാനി 7:27 രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴ് എല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിന് ലഭിക്കും. അവന്റെ രാജ്യത്വം നിത്യരാജ്യത്വമാകുന്നു.

VII യാതൊരു ശാപവും ഇനി ഉണ്ടാകാത്തതായ രാജ്യത്ത് അവന്റെ ദാസന്മാർക്കുള്ള അനുഗ്രഹ സമൃദ്ധിയെക്കുറിച്ച് വെളിപ്പാടു പുസ്തകം അവസാന അദ്ധ്യായത്തിൽ തുടർച്ചയായി പറയുന്ന മൂന്നുവാക്യങ്ങൾ യാതൊരക്ഷരത്തെറ്റും കൂടാതെ എഴുതുക.

ഒ.വാ. വെളി. 22:3-5 യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ഇതിൽ ഇരിക്കും. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും. അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. ഇനി രാത്രി ഉണ്ടാകയില്ല. ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കാവശ്യമില്ല. അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും. സ്തോത്രം!

## ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.108 - ജയിച്ചവരുടെ മാർക്ക് വിവരം - ആകെ മാർക്ക് 100

| | |
|---|---|
| 1. മേരി ജേക്കബ്, കല്ലിശ്ശേരി | 97 |
| 2. ആലീസ് സാം, സീബ് | 90 |
| 3. ലിജി പി. പോൾ, പൂമല, തൃശൂർ | 90 |
| 4. പി.വി. ജോർജ്ജ്, പൈങ്ങോട്ടൂർ | 89 |
| 5. ഫിലിപ്പോസ് ഏബ്രഹാം, ന്യൂയോർക്ക് | 88 |
| 6. സാം, കിഴവറമണ്ണിൽ, മുംബൈ | 88 |
| 7. ജസ്സി കെ. പോൾ, ഒറീസ്സാ | 88 |
| 8. ഏലിയാമ്മ പൗലോസ്, പൂമല | 88 |
| 9. വത്സമ്മ തോമസ്, ജാൻസി | 88 |
| 10. തങ്കമ്മ ഡാനിയേൽ, തൃശൂർ | 88 |
| 11. ബറ്റി വിനോദ്, വെള്ളൂർ | 88 |
| 12. പി. റ്റി. ഫിലിപ്പ്, ബാംഗ്ലൂർ | 88 |
| 13. മേരിക്കുട്ടി ഏബ്രഹാം, പാറത്തോട് | 88 |
| 14. ഒ. വി. ജോസഫ്, പുല്ലാട് | 88 |
| 15. സുനി ഷാജി, ഡാമൻ | 88 |
| 16. ഷീലു കുര്യൻ ജോസഫ്, മണ്ണാരത്തറ | 88 |
| 17. നിസ്സി ബീം, മീനങ്ങാടി | 88 |
| 18. ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 88 |
| 19. അന്നമ്മ ചാക്കോ, മണ്ണാറത്തറ | 88 |
| 20. വത്സമ്മ മാത്യു, തിരുവനന്തപുരം | 88 |
| 21. ത്രേസ്യാമ്മ പൗലൊസ്, കൊരട്ടി | 88 |
| 22. അമ്മുക്കുട്ടി ജോസ്, പുന്നവേലി | 86 |
| 23. ചിന്നമ്മ ശാമുവേൽ , മുംബൈ | 86 |
| 24. സാറാമ്മ തോമസ്, കോട്ടയം | 86 |
| 25. മറിയാമ്മ തോമസ് കുന്നന്താനം | 78 |

വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരായ നാം കർത്താവിനോടു കൂടെ നിത്യം രാജാക്കന്മാരായി വാണു നിത്യം സന്തോഷിക്കുമ്പോൾ ഇതുവരെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച് ദൈവമക്കളാകാത്ത പ്രിയപ്പെട്ടവരും ജീവനോടിരിക്കുമ്പോൾ അങ്ങനെ ചെയ്തില്ലെങ്കിലുള്ള നിത്യദണ്ഡനത്തെക്കുറിച്ച് ഓർപ്പിക്കാം. അവർക്കുവേണ്ടി നിരന്തരം മുട്ടിപ്പായി പ്രാർത്ഥിക്കാം.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കാസർഗോട് :** കാസർഗോട് ജില്ലയിൽ സഭകൾ ഒരുമിച്ചു നടത്തിവരുന്ന ഇരുമാസയോഗം 2009 നവം. 14 ന് കാസർഗോട് സഭാഹാളിൽ വെച്ച് നടത്തപ്പെട്ടു. അടുത്ത ഇരുമാസയോഗം 2010 ജനു. 9 ന് പുന്നക്കുന്നു സഭാഹാളിൽ വെച്ചു നടക്കുന്നതാണ്. നവം. 12, 13 ന് വൈ.എം.ഇ.എഫ്. കാസർഗോട് യൂണിറ്റ് സുവിശേഷ ക്യാമ്പും സഭയുടെ സഹകരണത്തിൽ നടത്തി. അനേക ഭവനങ്ങൾ സന്ദർശിക്കുന്നതിനും പരസ്യയോഗങ്ങൾ നടത്തുവാനും സാധിച്ചു. സുവി. സാജൻ കുരവക്കലിന്റെ നേതൃത്വത്തിൽ അനുധാവന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ദൈവജനം കാസർഗോടിന്റെ പ്രദേശങ്ങളെ പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് സഭയ്ക്കുവേണ്ടി ബിജു കെ.എം., സജി കെ.ജെ., സാജൻ കുരവയ്ക്കൽ

**എസ്.ബി.എസ്. തൃശൂർ സെന്റർ** : സുവിശേഷകൻ ബാലസംഘം തൃശൂർ സെന്റർ 8-12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായ് ഒരു ടീൻസ് ഏകദിന സമ്മേളനം 27-11-09 ന് നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വെച്ച് നടത്തി. കുട്ടികളും ലീഡേഴ്സും ഉൾപ്പെടെ ഏകദേശം 208 പേർ പങ്കെടുത്തു. തദവസരത്തിൽ ബിനു സാമുവേൽ, ധർമ്മരാജ് എന്നിവർ ദൃശ്യ മാധ്യമങ്ങളുടെ സഹായത്താൽ കുട്ടികൾക്ക് ആവശ്യമായ ദൂതുകൾ നൽകി. തുടർന്നും തൃശ്ശൂർ സെന്ററിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും എന്ന് തൃശ്ശൂർ സെന്റർ സെക്രട്ടറി ജോഷി ജോൺ സി. ഫോൺ: 9846009285

**മലബാർ ഡിവിഷൻ വൈ.എം.ഇ.എഫ്. :** 2009 നവം 1-4 വരെ കൊടക്കൽ ബ്രദറൺ സഭയുടെയും വൈ.എം.ഇ.എഫിന്റെയും സഹകരണത്തിൽ കൊടക്കലും ചുറ്റുപാടു പ്രദേശങ്ങളിലും ക്യാമ്പ് നടത്തി. വചനധ്യാനം, ഭവന സന്ദർശനം, പരസ്യയോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, രാത്രിയോഗങ്ങൾ തുടങ്ങിയ ശുശ്രൂഷകൾ ഉണ്ടായിരുന്നു. ബിജു കെ. ആലടി, ഒ.ജെ. ബാബു എന്നിവർ പ്രധാന ശുശ്രൂഷകന്മാരായിരുന്നു. അനേകർ രക്ഷിക്കപ്പെടുകയുണ്ടായി. രക്ഷിക്കപ്പെട്ടവരും പിന്മാറ്റക്കാരും യഥാസ്ഥാനപ്പെട്ട് കൊടക്കൽ സഭയിലേക്ക് കടന്നുവരേണ്ടതിന് പ്രാർത്ഥിച്ചാലും. എന്ന് സെക്രട്ടറി കെ.കെ. മാത്യു, അങ്ങാടിപ്പുറം, ഫോൺ : 9847015461

**പട്ടാമ്പി** : ഭവന സന്ദർശനം, ട്രാക്റ്റ് വിതരണം, വ്യക്തിഗത സുവിശേഷീകരണം, പ്രാർത്ഥനായോഗം, ബൈബിൾ ക്ലാസ്സ് എന്നിവ നടന്നുവരുന്നു. 20 പേർ കൂടിവരുന്നതിൽ 15 പേർ കർത്തൃമേശയിൽ പങ്കുകൊള്ളുന്നവരാണ്. വളരെ പ്രതിസന്ധികളുള്ള ഒരു മേഘലയാണിത്. എന്നാൽ കഴിഞ്ഞ 5 വർഷക്കാലമായി ഈ പ്രദേശത്തു പ്രവർത്തിക്കുവാൻ കൃപ ലഭിച്ചു. മറ്റു പല സഹോദരന്മാരും പ്രവർത്തനത്തിൽ സഹകരിക്കുന്നു. രക്ഷിക്കപ്പെട്ടവർ മുന്നോട്ടു വരുവാൻ ഇടയാകേണ്ടതിനും ഇവിടുത്തെ സഭാകൂടിവരവിന് ഒരു സ്ഥലം ഉണ്ടാകേണ്ടതിനും ദൈവമക്കൾ പ്രാർത്ഥിക്കുമല്ലോ. എന്ന് പി.യു. തോമസ്, സി.കെ. ജോസ്, ബാബു വർഗീസ്, കെ.കെ. മാത്യു, വാസു ടി. പോൾ, കെ.കെ. കുര്യാക്കോസ്. വിലാസം : എബനേസർ ബ്രദറൺ അസംബ്ലി പി.ഒ. ബോക്സ് - 15, പട്ടാമ്പി, പാലക്കാട് 679334, ഫോൺ : 9846122616.

**എടത്വാ :** 2009 ഡിസം. 27 ഞായറാഴ്ച 4 പേരുടെ സ്നാനശുശ്രൂഷ നടത്തുവാൻ കർത്താവു സഹായിച്ചു. സഭയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ദൈവമക്കൾ പ്രാർത്ഥിക്കണം. എന്ന് എടത്വാ ബ്രദറൺ സഭയ്ക്കുവേണ്ടി അനിയൻ വർഗീസ്, പി.ജി. തോമസ്, യോഹന്നാൻ കെ.വി., തോമസ് മത്തായി.

## രോഗി

**പള്ളിക്കുത്ത് :** പള്ളിക്കുത്ത് ബ്രദറൺ സഭാംഗമായ അനിയൻകുഞ്ഞ് (52) കരളിൽ ക്യാൻസർ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്നു. കൂലിവേല ചെയ്ത് ജീവിക്കുന്ന താൻ തന്റെ 5 സെന്റ് സ്ഥലത്തിൽ ഒരു ഷെഡ് വെച്ചാണ് കുടുംബമായി താമസിക്കുന്നത്. തന്റെ പൂർണ്ണ സൗഖ്യത്തിനുവേണ്ടി ദൈവജനത്തിന്റെ പ്രാർത്ഥനയും സഹായ സഹകരണവും അഭ്യർത്ഥിക്കുന്നു. ഇതിന്റെ ആവശ്യത്തിലേക്ക് ഒ.വി. ജോർജ്ജിന്റെയും ജോർജ്ജ് വർഗീസിന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് നമ്പർ 867508188 ഇൻഡ്യൻ ബാങ്ക് നിലമ്പൂർ ബ്രാഞ്ചിൽ ഉണ്ട്. സംഭാവനകൾ ജോർജ്ജ് വർഗീസ് ളാഹമണ്ണിൽ ഹൗസ്, പള്ളിക്കുത്ത് പി.ഒ., ചുങ്കത്തറ, നിലമ്പൂർ - 679334 എന്ന വിലാസത്തിൽ അയച്ചാലും എന്ന് ടിജു മോൻ ചാക്കോ, എം.എസ്. ശാമുവേൽ.

## മഹത്വത്തിൽ

**വാളകം :** വാളകം ബ്രദറൺ സഭാ മൂപ്പന്മാരിൽ ഒരാളും റിട്ട. കെ.എസ്.ആർ.ടി.സി. ഇൻസ്പെക്ടറും സുവി. പി.വി. ബഞ്ചമിന്റെ (പിറവം) പിതാവും പി.പി. ജോർജ്ജിന്റെ സഹോദരനുമായ പള്ളിപ്പാട്ട് തോട്ടത്തിൽ പി.പി. വർഗീസ് (78) 7-12-09 ന് താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. താൻ



ആത്മീയ കാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തുന്നവനും അനേകർക്ക് ഒരു താങ്ങും തണലും ആയിരുന്നവനും ആയിരുന്നു. അനേക ഇംഗ്ലീഷ് പുസ്തകങ്ങളുടെ തർജ്ജമയിലും പ്രീമിയർ സ്റ്റഡി ബൈബിളിന്റെ നിർമ്മിതിയിലും താൻ വഹിച്ചിട്ടുള്ള പങ്ക് സ്മര

ണീയമാണ്. യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുക, കർത്താവിന്റെ വേലയ്ക്ക് കൊടുക്കുക, മക്കളെ ആത്മീക ശിക്ഷണത്തിൽ വളർത്തുക, സഭായോഗങ്ങൾക്ക് കൃത്യ സമയത്ത് പങ്കെടുക്കുക തുടങ്ങി അനേകം കാര്യങ്ങളിൽ താൻ മാതൃകയായിരുന്നു. സംസ്കൃത ഭാഷയിൽ താൻ അഗാധ ജ്ഞാനം നേടിയിരുന്നു. 9-12-09 ന് വാളകം സഭാ ഹാളിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ അനേകം ഹൃദയസ്പർശിയായ അനുസ്മരണകൾ കേൾവിക്കാരിൽ പുതിയ ഉത്തേജനം ഉളവാക്കി. ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയിൽ അനേകം ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ വാളകം ബ്രദറൺ സഭാസെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു. ദുഃഖത്തിലിരിക്കുന്ന ഭാര്യ കുഞ്ഞൂഞ്ഞമ്മയെയും (പ്ലാക്കൽ അരീപ്പറമ്പ്) മക്കളെയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ. എന്ന് പി.വി. ബഞ്ചമിൻ

## കൺവൻഷൻ / ക്യാമ്പ്

**പാമ്പാടി :** പാമ്പാടി ബ്രദറൺ സഭയുടെ ചുമതലയിൽ പാമ്പാടി കാളച്ചന്ത ജംഗ്ഷനു സമീപം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ വെച്ച് 2010 ഫെബ്രു. 5-7 വരെ (വെള്ളി, ശനി, ഞായർ) വൈകിട്ട് 6.30 - 9 വരെ സുവിശേഷ പ്രഭാഷണങ്ങൾ ഉണ്ടായിരിക്കും. പ്രസംഗകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, ആർ കൃഷ്ണൻകുട്ടി, ജോസ് മാങ്കുടി. സഭയക്കുവേണ്ടി കെ.സി. കുര്യൻ, റ്റി.റ്റി. മാത്യു, വറുഗീസ് കുര്യൻ.

**മല്ലപ്പള്ളി :** 2010 ജനു. 27-30 വരെ മല്ലപ്പള്ളിയിലും പരിസരപ്രദേശങ്ങളിലുമുള്ള ബ്രദ്റൺ സഭകളുടെ സഹകരണത്തിലും ചുമതലയിലും മല്ലപ്പള്ളി പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപമുള്ള ട്രിനിറ്റി കമ്മ്യൂണിറ്റി ഹാളിൽ സുവിശേഷ യോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ജോർജ്ജ് ചാക്കോ, ജോസ് മാങ്കുടി, വർഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. ദൈവജനം ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി, ബേബി വർഗീസ് (സുവി) ഫോൺ : 9495765284.

**മണ്ണാരക്കുളഞ്ഞി :** മണ്ണാരക്കുളഞ്ഞി ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷ യോഗങ്ങൾ 2010 ജനു. 18-23 വരെ വൈകിട്ട് 6 - 8.30 വരെ മണ്ണാരക്കുളഞ്ഞി ചന്തയിൽ തയ്യാർ ചെയ്യുന്ന പന്തലിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 22 ന് പകൽ 9.30 - 1. വരെ സഹോദരിമാരുടെ യോഗവും 23 ന് പകൽ 9 - 1. 30 വരെ എസ്.ബി.എസ്. പത്തനംതിട്ട സെന്റർ ഏകദിന സമ്മേളനവും 24 ഞായർ രാവിലെ 10 - 1 വരെ ആരാധനാ യോഗവും ഉണ്ടായിരിക്കുന്നതാണ്. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു. പ്രസംഗകർ കെ. സി. ജപസിംഗ്, ജോർജ്ജ് ചാക്കോ, ജോസ് മാങ്കുടി, സണ്ണി തോമസ്. എന്ന് സഭയ്ക്കുവേണ്ടി എ.എൻ. തോമസ്, വി. റ്റി. ചെറിയാൻ.

**മേക്കൊഴൂർ കൺവൻഷൻ 2010**

സ്ഥലം : മേക്കൊഴൂർ ബ്രദറൺ സഭാ

സമയം : 2010 ജനു. 14-17 വരെ

പ്രസംഗകർ : പി.എസ്. തമ്പാൻ, എബി ജോർജ്ജ്

സഭയ്ക്കുവേണ്ടി ഇ.റ്റി. യോഹന്നാൻ, കെ.കെ. മാത്തായി

**അടൂർ - പരുത്തപ്പാറ :** ബ്രദറൺ സഭയുടെ ചുമതലയിൽ നടക്കുന്ന 100-ാമത് സുവിശേഷ മഹായോഗം 2010 ഫെബ്രു. 9 - 14 വരെ സഭാഹാളിനു മുൻവശം തയ്യാറാക്കുന്ന പന്തലിൽ നടക്കും. പ്രസംഗകർ കെ. ബിജു ആലടി, ജോസ് മാങ്കുടി, വർഗീസ് കുര്യൻ എന്നിവർ ഉണ്ടാകും. ചങ്ങാനാശ്ശേരി സ്പിരിച്ചുവൽ സിംഗേഴ്സിന്റെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കും. ദൈവമക്കളുടെ പ്രാർത്ഥനയും സാന്നിദ്ധ്യ സഹകരണവും അഭ്യർത്ഥിക്കുന്നു. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി പി.പി. മാത്യു.

**മണലി (തിരുവനന്തപുരം) :** 2010 ഫെബ്രു. 18-21 വരെ മണലി ബ്രദറൺ സഭയുടെ ചുമതലയിൽ സുവിശേഷ മഹായോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വർഗീസ് കെ. കുര്യൻ, സണ്ണി തോമസ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. മാത്യു ജോൺ, ജെ.പി. രാജൻ എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതുമാണ്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. എന്ന് എ. അനിലൻ (സുവി.). ഫോൺ : 9446186443.

## അഭ്യർത്ഥന

**വരേണിക്കൽ (മാവേലിക്കര) :** ആലപ്പുഴ ജില്ലയിൽ മാവേലിക്കര വരേണിക്കൽ എന്ന സ്ഥലത്ത് ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ചു വളർന്ന എൻ.പി. ഗംഗാധരൻ 18-2-2000 ൽ യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനും കർത്താവുമായി സ്വീകരിക്കാനിടയായി. 2-3-2000 ൽ കുടുംബമായി സ്നാനപ്പെട്ട് മാവേലിക്കര ബ്രദറൺ സഭയിലെ ദൈവമക്കളോടു ചേർന്ന് കർത്താവിനെ ആരാധിച്ചു വരവെ ജനു. 2002 ൽ കുമ്പനാടു കൺവൻഷനിൽ എം. എം. സഖറിയാ സാറിന്റെ പ്രസംഗത്തിൽ "നീ പർവ്വതം ചുറ്റിയതു മതി ...... നീ നിന്റെ ദേശത്തേക്കു പോക...... നീ വരാൻ താമസിച്ചാൽ ഞാൻ നിനക്കു മുമ്പായി പോയിരിക്കും" എന്നുള്ള കർത്താവിന്റെ ആലോചന പ്രകാരം തന്റെ സ്വന്തദേശമായ വരേണിക്കലിൽ കർത്താവിന്റെ വേല ആരംഭിച്ചു. 2003 - 2004 ൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ദൈവവചനം പഠിച്ചു. പ്രവർത്തനഫലമായി 2007 സെപ്റ്റം. 2ന് 3 ഭവനത്തിൽ നിന്നും 6 പേരോടു കൂടെ വരേണിക്കൽ സഭയുടെ കൂടിവരവ് ആരംഭിച്ചു. പിന്നീട് 7 പേർ കൂടി സ്നാനപ്പെട്ടു. ഇപ്പോൾ 6 കുടുംബത്തിൽ നിന്നും 13 പേർ കർത്തൃമേശയിൽ പങ്കെടുക്കുന്നു. കൂടാതെ ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നുള്ളവർ നമ്മുടെ യോഗങ്ങളിലും ബൈബിൾ ക്ലാസ്സുകളിലും സ്ഥിരമായി കടന്നു വരുന്നു. ഡോ. കെ.സി. ജോൺസൺ, വിത്സൻ കെ. തോമസ്, ജേക്കബ് തോമസ്,

വി. ജോസഫ്, ജോർജ്ജ് ചാക്കോ എന്നിവർ ഇവിടെയുള്ള പ്രവർത്തനത്തിൽ സഹകരിക്കുന്നു. സഹോ. ഗംഗാധരൻ താമസിക്കുന്ന ഷെഡിന്റെ ഒരു ഭാഗം സഭാഹാളിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഈ ഷെഡിന്റെ ഭാഗം സഭാകൂടിവരവിന് അപര്യാപ്തമാകയാൽ ഗംഗാധരന് പിതൃസ്വത്തായി മെയിൻറോഡ്സൈഡിൽ ലഭിച്ച 10 സെന്റ് സ്ഥലത്ത് സഭാഹോളിനും സുവിശേഷകന്റെ താമസത്തിനുമായി 40'X 22' വലിപ്പത്തിൽ 2 നിലയിലുള്ള കെട്ടിടത്തിന്റെ പണി സെപ്റ്റം. 2 ന് ഡോ. ഒ.എം. ശാമുവേൽ പ്രാർത്ഥിച്ച് ആരംഭിക്കുകയും ചെയ്തു. ഇതിനകം ഏകദേശം 4 ലക്ഷം രൂപാ ചെലവായി. തുടർന്നുള്ള പണി പൂർത്തീകരണത്തിനായി ഏകദേശം 12 ലക്ഷം രൂപ കൂടി ആവശ്യമാണ്. ഈ സഭയിലുള്ള വിശ്വാസികളെല്ലാവരും സാമ്പത്തീക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. അവരാൽ കഴിയുന്ന തുക ഈ പണിക്കായി നൽകുകയും ചെയ്തു. ആകയാൽ എല്ലാ സഹോദരീ സഹോദരന്മാരും ഈ പണിയെ ഓർത്തു പ്രാർത്ഥിക്കുകയും സാമ്പത്തീകമായി സഹായിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കുറത്തിയാട് ബ്രാഞ്ചിൽ ഡോ. ജോൺസൺ കെ.സി., ഗംഗാധരൻ എൻ.പി. എന്നിവരുടെ പേരിലുള്ള SB. A/c No. 67096800269 ൽ ലഭിക്കത്തക്ക നിലയിൽ സാമ്പത്തീക സഹായം അയയ്ക്കുവാൻ താല്പര്യപ്പെടുന്നു. വിലാസം എൻ. പി. ഗംഗാധരൻ, പ്ലാവിളയിൽ, വരേണിക്കൽ പി. ഒ., മാവേലിക്കര, ആലപ്പുഴ - 690107. എന്ന് സഭയ്ക്കു വേണ്ടി എൻ.പി. ഗംഗാധരൻ, മോഹനചന്ദ്രൻ. ഈ അഭ്യർത്ഥനയിൽ പറഞ്ഞിരിക്കുന്ന എല്ലാ വിവരങ്ങളും ഞങ്ങൾക്ക് നേരിട്ട് അറിവുള്ളതാണ്. എന്ന് ഡോ. ഒ. എം. സാമുവേൽ, പി.ഡി. പാപ്പി, സി.എ. ജോർജ്ജ്, ഡോ. കെ. സി. ജോൺസൺ

**കോടഞ്ചേരി :** കോഴിക്കോട് ജില്ലയിലുള്ള കോടഞ്ചേരിയിൽ കെ. എസ് മാത്യു (സുവി) പ്രവർത്തിച്ചതിന്റെ ഫലമായി 2002 ജൂലൈ 14 ന് ഒരു സഭാകൂടിവരവ് ആരംഭിക്കുവാൻ ഇടയായി. ഇപ്പോൾ 8 കുടുംബങ്ങളിൽ നിന്നായി 33 പേർ ആരാധനയ്ക്കായി സുവിശേഷകന്റെ ഭവനത്തിലും വാടകക്കെട്ടിടത്തിലുമായി കൂടിവരുന്നു. എന്നാൽ സഭയ്ക്കു സ്വന്തമായി ഒരു സഭാഹാൾ ഉണ്ടാകേണ്ടത് ആവശ്യമായതിനാൽ ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തത്ഫലമായി കോടഞ്ചേരിയിൽ 10 സെന്റ് സ്ഥലം സ്റ്റുവാർഡ് അസ്സോസ്സിയേഷന്റെ പേരിൽ രജിസ്റ്റർ ചെയ്യുവാനും 40x22 എന്ന അളവിൽ തറ കെട്ടുവാനും കർത്താവ് സഹായിച്ചു. ബാക്കി പണി പൂർത്തീകരിക്കുവാൻ ഏകദേശം 7 ലക്ഷം രൂപാ ആവശ്യമായിരിക്കുന്നു. ഈ ആവശ്യത്തിലേക്ക് എസ്.ബി.ഐ. കോടഞ്ചേരി ശാഖയിൽ ജോയിന്റ് അക്കൗണ്ട് നമ്പർ 30369204661 ആരംഭിച്ചിരിക്കുന്നു. ഇവിടെയുള്ള വിശ്വാസികൾ പലരും സാമ്പത്തീക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാകയാൽ ദൈവമക്കൾ തുടർന്നും പ്രാർത്ഥിക്കുകയും സഭയായും വ്യക്തികളായും സാമ്പത്തീക കൂട്ടായ്മകൾ നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. എന്ന് കോടഞ്ചേരി സഭയ്ക്കു വേണ്ടി കെ.എസ്. മാത്യു (ഇവാ), കെ.കെ. പൗലൊസ്, കെ.എ. വർഗീസ്, സാജൻ തോമസ്, വർഗീസ് മാത്യു, പ്രൊഫ.പി.പി. സ്കറിയ. സംഭാവന അയയ്ക്കേണ്ട വിലാസം കെ.കെ. പൗലൊസ്, കട്ടക്കുടിയിൽ ഹൗസ്, മുറംപട്ടി പി.ഒ., കോടഞ്ചേരി - 673580, കോഴിക്കോട്. ഫോൺ : 04952237940.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

## വിവിധ വിഷയങ്ങൾ

**ശബരിമാങ്കൽ :** 25-8-09 ൽ കൂടിയ എസ്.പി.എസ്. പൊതുയോഗത്തിൽ സി.സി. മാത്യു, റ്റി.പി. തങ്കച്ചൻ, സി. എം. തോമസ്, എം.എസ്. ചാക്കോ, ഈട്ടിക്കൽ കുഞ്ഞുമോൻ, എം.കെ. കുഞ്ഞുമോൻ, സി.പി. അനിയൻ എന്നിവർ തുടർന്നുള്ള പ്രവർത്തക സമിതി അംഗങ്ങളായിരിക്കും. സി.പി. അനിയൻ സെക്രട്ടറിയായും ഈട്ടിക്കൽ കുഞ്ഞുമോൻ ട്രഷറാറായും സി.എം. തോമസ് ജോ. സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ നാളുകളിൽ ഈ പ്രവർത്തനത്തെ സഹായിച്ച എല്ലാ സഭകളോടും വ്യക്തികളോടും സംഘടനകളോടുമുള്ള നന്ദി അറിയിക്കുകയും തുടർന്നും ഈ പ്രവർത്തനുവേണ്ട പിൻബലം നൽകണമെന്ന് വിനയമായി അറിയിക്കുകയും ചെയ്യുന്നു. തടിയൂർ എസ്.ബി.റ്റി.യിൽ ഉള്ള ജോ. അക്കൗണ്ട് നമ്പർ 67040120551 ൽ മാറത്തക്കവണ്ണം ട്രഷറാറുടെയോ സെക്രട്ടറിയുടെയോ അഡ്രസിൽ അയച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു. ട്രഷറാർ ഈട്ടിക്കൽ കുഞ്ഞുമോൻ, തേമ്പക്കാട് വീട്, കരിക്കം പി.ഒ. കൊട്ടാരക്കര. സെക്രട്ടറി സി.പി. അനിയൻ, ചെരുളത്തോലിൽ വീട്, തെള്ളിയൂർ പി.ഒ. 689544. ഫോൺ : 9446686051. വിദേശ സഹായങ്ങൾ എസ്.എ.ഐ.യിലൂടെയോ കെ.ഇ.എം. ഫണ്ടിലൂടെയോ അയയ്ക്കുന്നത് നന്നായിരിക്കും. എന്ന് ഭാരവാഹികൾ

ആത്മപ്രകാശിനിയുടെ വാർഷിക വരിസംഖ്യ കുടിശ്ശികയുള്ളത് അയച്ചുവോ? ഇല്ല എങ്കിൽ ഇന്നു തന്നെ അയയ്ക്കണമേ.